# ദി ഡിഫെൻഡർ

Vol. No. 10 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2007 JANUARY 16 Price: Rs.100/- P.A.


## ടി.ജെ.ശാമുവൽ ദുരാത്മാവിന്റെ പിടിയിൽ

ടി.ജെ.ശാമുവൽ ദുരാത്മാവിന്റെ പിടിയിലാണോ? ആണെന്ന് ഇയാളുടെ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നു. ദൈവജനത്തെ വഴിതെറ്റിക്കാനായി സാത്താൻ ഇയാളെ കൈയ്യിലെടുത്തിരിക്കയാണ്.



ഇക്കാലത്ത് സുവിശേഷമല്ല പ്രസംഗിക്കേണ്ടതെന്നും നീന്തിയിട്ടല്ലാതെ കടക്കാൻ ആവാത്ത നിലയിലുള്ള ആത്മാനുഭവത്തേക്കുറിച്ചാണ് പ്രസംഗിക്കേണ്ടതെന്നും ഇയാൾക്ക് വെളിപ്പാട് കിട്ടിയത്രേ. അതുകൊണ്ട് ഇയാൾ ഇപ്പോൾ സുവിശേഷത്തിനു പകരം നീന്തലിനേക്കുറിച്ചാണ് പ്രസംഗിക്കുന്നത്.

രണ്ടായിരത്തി ഇരുപത് ആകുമ്പോഴേക്കും ഇന്ത്യ ക്രിസ്ത്യൻ രാഷ്ട്രമാകുമെന്ന് ഈ കള്ളപ്രവാചകൻ പറഞ്ഞു നടക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ഈ കാലത്തിനിടയ്ക്ക് ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം കാൽ ശതമാനം പോലും കൂടിയിട്ടില്ല. എങ്കിലും അടുത്ത 15 കൊല്ലംകൊണ്ട് ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമായി മാറുമെന്ന് പറയണമെങ്കിൽ അസാമാന്യ തൊലിക്കട്ടി വേണം.

അടുത്ത കാലത്ത് ചില കന്യാസ്ത്രീകൾക്കും ഇത്തരം ഒരു വെളിപ്പാട് കിട്ടിയത്രേ. ആ വിവരം അറിഞ്ഞശേഷം ടി.ജെ. ശാമുവൽ തുള്ളിച്ചാടിയാണ് നടക്കുന്നത്. കിട്ടുന്ന സ്റ്റേജുകളിലെല്ലാം ഇത് പ്രസംഗിക്കുന്നു.

അർഹിക്കാത്ത ബഹുമാനം ആർക്കു കിട്ടിയാലും ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുക സ്വാഭാവികം. ഏതെങ്കിലും ഒരു ലോക്കൽ സഭയിലെ ഉപദേശി ആയിരിക്കാനുള്ള യോഗ്യത മാത്രമേ ടി.ജെ.ശാമുവലിനുള്ളു. പക്ഷേ കഴിവുള്ള നേതാക്കൻമാർ എ.ജിയിൽ ഇല്ലാത്തത്തുകൊണ്ട് ഇയാൾ സംഘടനയുടെ തലപ്പത്ത് എത്തി. അതോടെ താൻ അത്യപൂർവ്വ പ്രതിഭയാണെന്ന് തനിക്കു തന്നെ തോന്നി. ദൈവം സ്പെഷ്യലായിട്ട് തന്നെ നിയമിച്ചിരിക്കയാണെന്നും തോന്നി. തന്റെ മനസ്സിൽ തോന്നുന്നതെല്ലാം ദൈവാലോചനയാണെന്നും തന്നെ എതിർക്കുന്നവരെ ദൈവം തട്ടിക്കളയുമെന്നും ഇയാൾ കരുതുന്നു. ഇതിന്റെയൊക്കെ ഫലമായാണ് ഇപ്പോൾ കള്ളപ്രവചനം നടത്തുന്നത്.

നീന്തിയിട്ടല്ലാതെ കടക്കാൻ ആവാത്ത സ്ഥിതിയാണെന്ന വ്യാജേന ഇയാൾ ഉന്തിവീഴ്ത്ത് പരിപാടി നടത്തുന്നു. തരം കിട്ടുന്നിടത്തെല്ലാം ഈ കള്ളൻ ജനങ്ങളെ ഉന്തിവീഴ്ത്തും. ഉന്തുന്നത് സൂപ്രണ്ടായതുകൊണ്ട് വീഴാൻ എ.ജിയിലെ പാസ്റ്റർമാരും വിശ്വാസികളും റെഡി. സൂപ്രണ്ട് ഉന്തിയിട്ട് തങ്ങൾ വീണില്ല എന്നു പറയുന്നത് എ.ജിക്കുതന്നെ പോരായ്മയല്ലേ.

ടി.ജെ.ശാമുവലിന്റെ പോക്ക് അപകടത്തിലേക്കാണ്. ഇയാൾ മറ്റൊരു വിദ്വാൻകുട്ടി ആകാനുള്ള എല്ലാ ലക്ഷണങ്ങളും കാണുന്നുമുണ്ട്. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. വചനവിരുദ്ധമായ നടപടികളുമായി സഹകരിക്കരുത്.

## കെ.സി.ജോണും ഡാക്കിട്ടറായി

അങ്ങനെ കെ.സി.ജോണും ഡാക്കിട്ടറായി. ഡോക്ട്രേറ്റ് കൊടുത്തത് വൽസൻ തമ്പുരാന്റെ ബൈബിൾ കോളേജ്. നാണമില്ലാത്തവനൊക്കെ ഇതും ഒരു തണൽ.



തനിക്ക് ഒരു ഡോക്ട്രേറ്റ് തരണമെന്ന് കെ.സി.ജോൺ വൽസനോട് ആവശ്യപ്പെടാൻ തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ചവർ ചാനലിന്റെ എം.ഡിയായ മാത്യൂസ് ചാക്കോയ്ക്ക് ഡോക്ട്രേറ്റ് ഉണ്ട്. വൈസ് ചെയർമാനായ ബാബു ജോർജിന് ഒരു ചുമ്മാ ഡോയുമുണ്ട്. അതുകൊണ്ട് ചെയർമാനായ കെ.സിക്കും ഒരു ഡോ വേണം എന്നതിന് സംശയമില്ല. യഥാർത്ഥ ഡോക്ട്രേറ്റ് കിട്ടാനുള്ള യോഗ്യത കെ.സി.ജോണിനില്ല. അതുകൊണ്ടാണ് ചുമ്മാ ഡോ മതിയെന്നു വെച്ചത്.

കെ.സി.ജോണിന്റെ നിർബ്ബന്ധം സഹിക്കാൻ വയ്യാതായപ്പോൾ വൽസൻ കെ.സിക്ക് ഡോ കൊടുക്കാൻ തീരുമാനിച്ചു. വൽസന്റെ ഡോ മാത്രം വാങ്ങിയാൽ പോരാ എന്ന് അപ്പോഴാണ് കെ.സിക്ക് തോന്നിയത്. പണം കൊടുക്കുന്ന ആർക്കും ഡോക്ട്രേറ്റ് കൊടുക്കുന്ന ഒരു സ്ഥാപനം മദ്രാസ്സിലുണ്ട്. ''എനിക്കു പണ്ടേ ഡോക്ട്രേറ്റ് ഉള്ളതാണ്'' എന്നു പറഞ്ഞ് തടിതപ്പാനായി, അവർക്ക് പണം കൊടുത്ത് ഒരു ഡോക്ട്രേറ്റ് ജനുവരി 9ന് (ചൊവ്വ) വാങ്ങി. മൂന്നാംപക്കം (വ്യാഴം) വൽസന്റെ ഡോയും വാങ്ങി. 2002ൽ ഇറങ്ങിയ പെന്തക്കോസ്ത് ദൈവശാസ്ത്രത്തിൽ കെ.സി.ജോൺ ഡോയാണ്. അങ്ങനെ ചുമ്മാതാണെങ്കിലും മൂന്നു ഡോയുള്ള ഏക പെന്തക്കോസ്ത് നേതാവായി കെ.സി.ജോൺ മാറി.

''ഇവനെയൊക്കെ കൗപീനം പറിച്ച് അടിക്കണം'' എന്ന് പഴമക്കാർ പറയാറുണ്ട്. പക്ഷേ കൗപീനത്തിന് വംശനാശം സംഭവിച്ചുകഴിഞ്ഞതുകൊണ്ട് അതിനു സമാനമായ എന്തെങ്കിലും പറിച്ച് ഇവനെ അടിക്കാൻ ആരുമില്ലേ?

## ടി.എസ്.ഏബ്രഹാം എത്ര മഹാനെന്ന് നോക്കുവീൻ

ടി.എസ്.ഏബ്രഹാം മഹാനാണെന്ന കാര്യത്തിൽ ഐ.പിസിക്കാർക്ക് യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് അവർ ജനറൽ കൺവെൻഷന് തിരുവത്താഴം നടത്താൻ ഈ മഹാപാപിയെത്തന്നെ ഇക്കൊല്ലവും അനുവദിക്കുന്നത്.

ജനറൽ കൺവെൻഷന് തിരുവത്താഴം നടത്തുന്ന വ്യക്തിയാണ് ഐ.പി.സിയിലെ ഏറ്റവും വലിയവൻ എന്നാണ് വെയ്പ്. കെ.ഇ.ഏബ്രഹാമിന്റെ മകൻ എന്ന പരിഗണനയിൽ ടി.എസ്. ഏബ്രഹാമാണ് ഐ.പി.സിയുടെ പ്രധാന ദൈവം. ഈ തിരുവായ്ക്ക് എതിർവായില്ല.



ഇയാൾ ജനറൽ സെക്രട്ടറി ആയിരുന്നപ്പോൾ തിരുവത്താഴം നടത്തുന്നത് ഇയാളുടെ അവകാശമായിരുന്നു. ജനറൽ പ്രസിഡന്റായപ്പോഴും ഇയാൾ തന്നെ തിരുവത്താഴം നടത്തി. ഇപ്പോൾ കസേര ഇല്ല. എങ്കിലും തിരുവത്താഴം ഇയാൾ തന്നെ നടത്തും. ജനറൽ പ്രസിഡന്റായ കെ.സി.ജോണിന് വായ് തുറക്കാനുള്ള ധൈര്യമില്ല. കാരണം, വായ് തുറന്നാൽ അടുത്ത ജനറൽ ഇലക്ഷന് കസേര കാണില്ല.

കെ.ഇ.ഏബ്രഹാമാണ് ഐ.പി.സി ഉണ്ടാക്കിയത് എന്നാണ് ഐതിഹ്യം. ഒട്ടേറെ വിഡ്ഢികൾ ഇത് വിശ്വസിക്കുന്നുമുണ്ട്. അതുകൊണ്ട് ഐ.പി.സി. കെ.ഇ.ഏബ്രഹാമിന്റെ കുടുംബത്തിന്റെ വകയാണ് എന്നൊരു ധാരണയു മുണ്ട്. പഴയ തഴമ്പിന്റെ ബലത്തിൽ ടി.എസ്.ഏബ്രഹാമിനും വൽസനും ഒക്കെ ഐ.പി.സിയുടെ തലപ്പത്ത് വിലസാൻ കഴിയുന്നത് ഈ കാരണത്താലാണ്.

കെ.ഇ.ഏബ്രഹാമിന്റെ മകൻ ആയിരുന്നില്ലെങ്കിൽ ടി.എസ്.ഏബ്രഹാം ഒരു ചുക്കും ആകുമായിരുന്നില്ല. മറ്റൊരു തൊഴിലും ഇല്ലാത്തതുകൊണ്ട് ഉപദേശിപ്പണിക്കിറങ്ങി. അപ്പന്റെ മേൽവിലാസത്തിന്റെ തണലിൽ പിടിച്ചുനിന്നു. പിതാവിന്റെ കാലശേഷം സഭാനേതൃത്വത്തിലെത്തി. ജനറൽ പ്രസിഡന്റ് വരെ ആയി. പ്രായാധിക്യം മൂലം കസേര നഷ്ടമായി. എന്നിട്ടും വിടാൻ ഭാവമില്ല. ഐ.പി.സിയിലെ ഏകനും പ്രത്യക്ഷനുമായ ജനറൽ മിനിസ്റ്ററായി വിലസുകയാണിപ്പോൾ.

ആയ കാലത്ത് ചെയ്യാവുന്ന വൃത്തികേടുകളെല്ലാം ചെയ്തു. വ്യഭിചാരമായിരുന്നു പ്രധാന തൊഴിൽ. ബൈബിൾ കോളേജിൽ പഠിക്കാൻ വന്ന ഭൂരിപക്ഷം പെൺകുട്ടികളേയും ഇയാൾ തന്റെ ദുഷ്ക്കാമ വൃത്തിക്ക് ഇരയാക്കി. ഒട്ടേറെ ഗർഭഛിദ്രങ്ങൾ നടത്തി. കുളത്തൂപ്പുഴ സംഭവം അവയിൽ ഒന്നു മാത്രമാണ്.

കേവലം ഒരു ബൈബിൾ മാത്രം കുടുംബസ്വത്തായി കിട്ടിയ ഈ ചങ്ങാതി ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡ് വാങ്ങി. കോടികൾ മുടക്കി റബ്ബർ എസ്റ്റേറ്റ് വാങ്ങി. ധനവാൻ, സമ്പന്നൻ, ഒന്നും മുട്ടില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

ഇത്രയുമൊക്കെ ആയിട്ടും ഇയാളെ എതിർത്ത് ഒരു വാക്കു പറയാൻ ഐ.പി.സിയിൽ ആരുമില്ല. കിരീടം വെയ്ക്കാത്ത രാജാവായി ഇയാൾ വിലസുന്നു. സമുദായങ്ങളിൽ ആത്മീയം പോരാത്തതുകൊണ്ട് പെന്തക്കോസ്തുണ്ടാക്കിയവരുടെ പിൻതലമുറയുടെ സ്ഥിതി കഷ്ടം തന്നെ.

## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. പത്രം തുടങ്ങി, വാർഷിക വരിസംഖ്യയും ആയുഷ്ക്കാല വരിസംഖ്യയും മറ്റും പിരിച്ചശഷം മുങ്ങുന്നവർ ഏറെയുള്ളതുകൊണ്ട് ആയുഷ്ക്കാല വരിസംഖ്യ പിരിക്കുന്നതിന് ഡിഫെൻഡർ നാളിതുവരെ തയ്യാറായിരുന്നില്ല. എന്നാൽ കഴിഞ്ഞ ഒൻപതു വർഷം ഡിഫെൻഡർ ഒരു ലക്കം പോലും മുടങ്ങാതെ പ്രസിദ്ധീകരിച്ചതുകൊണ്ട് ആയുഷ്ക്കാല വരിസംഖ്യ പിരിക്കാനുള്ള യോഗ്യത ഡിഫെൻഡറിനുണ്ടെന്ന് തെളിയുന്നു. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല മറിച്ച് റ്റി.എസ്.ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്: **Ph: 0484-3232356. Mob: 9447414608**

ദി ഡിഫെൻഡർ

Vol. No.10 Issue No. 2 2007 January 16

# വ്യാജൻമാരുടെ വസന്തകാലം

ഇത് വ്യാജൻമാരുടെ വസന്തകാലമാണ്. എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം വ്യാജൻമാർ മാത്രം എന്നതാണ് സ്ഥിതി. വ്യാജ ഉണർവ്വു പ്രസംഗകർ, കപട രോഗശാന്തിക്കാർ, ദുരുപദേശക്കാർ, ശുദ്ധ തട്ടിപ്പുകാർ തുടങ്ങിയവർക്കെല്ലാം നല്ല സ്വീകരണം ലഭിക്കുന്നു.

ഏറ്റവും കൂടുതൽ കള്ളം പറയുന്നവന് ഏറ്റവും അധികം സ്റ്റേജ് കിട്ടുന്നു. രണ്ടു പതിറ്റാണ്ടോളമായി സുരേഷ് കള്ളം പ്രസംഗിക്കാൻ തുടങ്ങിയിട്ട്. ഇന്നും സുരേഷിന് സ്റ്റേജുണ്ട്. നടക്കാത്ത അത്ഭുതം നടന്നെന്നും ഉണ്ടാകാത്ത രോഗശാന്തി ഉണ്ടായെന്നും ഒക്കെ പറയാൻ സുരേഷിന് ഒരു മടിയുമില്ല. ഈ ഭോഷ്ക്കു കേട്ട് ഹാലേലൂയ്യാ പറയാൻ വിഡ്ഢികളും റെഡി.

ദുർന്നടപ്പ് തൊഴിലാക്കിയ സാമച്ചനെ ചിലർ ദൈവത്തേപ്പോലെയാണ് കാണുന്നത്. ഈ കാലഘട്ടത്തിന്റെ പ്രവാചകനാണത്രേ സാമച്ചൻ. ലോകനേതാക്കൻമാർ ഉണ്ണുന്നതും ഉറങ്ങുന്നതും ഒക്കെ സാമച്ചനോട് ചോദിച്ചിട്ടാണെന്നും പറയപ്പെടുന്നു. ഏതായാലും സാമച്ചന് ഈയിടെയായി കുശാലാണ്. ഒന്നിനും മുട്ടില്ല.

തങ്കുവും തോമസ്കുട്ടിയും ചേർന്ന് ആയിരങ്ങളെ വിഡ്ഢികളാക്കുന്നു. ശാപം പൊട്ടിക്കലാണ് ഇവരുടെ മുഖ്യ പരിപാടി. ശാപം പൊട്ടുന്നതോടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും. കടങ്ങൾ ഇല്ലാതാകും. കുട്ടികളുണ്ടാകും. രോഗം മാറും. ജോലി കിട്ടും. വലിയ വീടും കാറും മറ്റ് സുഖസൗകര്യങ്ങളും ഉണ്ടാകും.

പ്രധാന പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാരായ കെ.സി.ജോണും ടി.ജെ.ശാമുവലും വരെ വ്യാജസുവിശേഷവുമായി ഉലകം ചുറ്റുകയാണ്. കള്ളപ്രവചനം, ദുരുപദേശം, ദുർന്നടപ്പ് തുടങ്ങിയതൊക്കെയാണ് ഇവരുടെ കൈയ്യിലിരിക്കുന്നത്. അങ്ങേയറ്റത്തെ അപകടകാരികളാണ് ഈ പെന്തക്കോസ്ത് നേതാക്കൻമാർ.

ദൈവവചനം മാത്രമാണ് തങ്ങളുടെ ആധാരം എന്ന് പെന്തക്കോസ്തുകാർ നിരന്തരം പറയുമെങ്കിലും ദൈവവചനത്തിന് ഇന്ന് പെന്തക്കോസ്തിൽ സ്ഥാനമില്ലാതായിരിക്കയാണ്. വചനത്തിൽ എന്തുതന്നെ പറഞ്ഞിരുന്നാലും സമൃദ്ധിയുടെ സുവിശേഷം പെന്തക്കോസ്തുകാർക്ക് ഉപേക്ഷിക്കാനാവില്ല. വചനവിരുദ്ധമായ ദർശനങ്ങളും പ്രവചനങ്ങളും സ്വീകരിക്കാൻ മടിയുമില്ല. ആദ്യമേ വിശ്വാസത്യാഗം സംഭവിക്കുകയും പിന്നീട് അധർമ്മമൂർത്തി വെളിപ്പെടുകയും ചെയ്യണം. ഈ പ്രവചനത്തിന്റെ നിവൃത്തിയാണ് ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത്.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഓരോ മന്ത്രിയും ഓരോ സർക്കാരായി ഭരണം നടത്തുന്ന അത്യപൂർവ്വമായ കാഴ്ചയാണ് ഇപ്പോൾ നാം കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഭരണം ഏതു വഴിക്കാണ് പോകുന്നതെന്ന് മുഖ്യമന്ത്രിക്കുപോലും അറിഞ്ഞുകൂടാ. മന്ത്രി ഒന്നു പറയുന്നു. മുഖ്യമന്ത്രി മറ്റൊന്നു പറയുന്നു. പരസ്യമായി വിഴുപ്പലക്കുന്നു. മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെ പി.ബി പേരെടുത്തു പറഞ്ഞ് വിമർശിക്കുന്നിടം വരെ എത്തി നിൽക്കുകയാണ് കാര്യങ്ങൾ.

യു.ഡി.എഫ് ഭരിച്ചിരുന്ന കാലത്ത് എൽ.ഡി.എഫിന് എന്തു രസമായിരുന്നു. ഒരു ടെൻഷനുമില്ല. സർക്കാർ എന്തു ചെയ്താലും കണ്ണടച്ച് എതിർക്കുക. സമരം സംഘടിപ്പിക്കുക. ഇതാ കേരളം നശിക്കാൻ പോകുന്നു എന്നു പറഞ്ഞ് ബഹളം കൂട്ടുക. പ്രതിപക്ഷനേതാവിന്റെ രാഗപ്രസംഗം കൂടി ആകുമ്പോൾ ജനങ്ങൾക്ക് രസിക്കും. പക്ഷേ അന്നത്തെ പ്രതിപക്ഷം ഇന്നത്തെ ഭരണപക്ഷമായി. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയുമായി. അതോടെ കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞു.

പണ്ട് എതിർത്തിരുന്നതെല്ലാം ഇന്ന് സ്വീകാര്യമായി. അന്ന് എ.ഡി.ബി ഇച്ചീച്ചിയായിരുന്നു. ഇപ്പോൾ ബഹുത്ത് അച്ഛാ. എ.ഡി.ബിയെ എതിർക്കുന്നവർ മൂരാച്ചികളും പിൻതിരിപ്പൻമാരുമായി. അന്ന് അന്യസംസ്ഥാന ലോട്ടറിക്കാരെ കണ്ടാൽ കുളിക്കണം എന്നതായിരുന്നു നിലപാട്. പക്ഷേ ഇപ്പോൾ അവരും സ്വീകാര്യർ തന്നെ. മാത്രമല്ല, പാർട്ടിയുടെ ചാനലിൽ ഇവരുടെ നറുക്കെടുപ്പ് ലൈവായി കാണിക്കയും ചെയ്യുന്നു. മുതലാളിമാരെല്ലാം ചാകണേ, ഞാനൊരു മുതലാളി ആകണേ എന്ന് പണ്ടൊരു സാധു പ്രാർത്ഥിച്ചതുപോലെയാണ് പാർട്ടിയുടെ സ്ഥിതി. മറ്റുള്ളവർ ചെയ്യുന്നതെല്ലാം മഹാപാപം. അതുതന്നെ പാർട്ടി ചെയ്യുമ്പോൾ പരമ പുണ്യം. ഇതിനല്ലേ സോഷ്യലിസം എന്നു പറയുന്നത്.

സദ്ദാമിനെ വധിച്ചത് ശരിയോ തെറ്റോ എന്ന പ്രശ്നം പ്രശ്നമായിത്തന്നെ അവശേഷിക്കുന്നു. പക്ഷേ അതിന്റെ പേരിൽ കേരളം അര ദിവസത്തെ ബന്ദ് ആഘോഷിച്ചു. (ബന്ദല്ല ഹർത്താലല്ലേ എന്ന് സംശയിക്കുന്നവരുടെ അറിവിലേക്ക്: രണ്ടും ഒന്നുതന്നെ). അടുത്ത കൊല്ലം മുതൽ സദ്ദാം രക്തസാക്ഷി ദിനാഘോഷവും ആ വകയിൽ ഹർത്താലും പ്രതീക്ഷിക്കാം.

ബന്ദും ഹർത്താലും ഒക്കെ രാഷ്ട്രീയക്കാർക്കു മാത്രം അവകാശപ്പെട്ടതാണെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റിയിരിക്കുന്നു. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ഒക്കെ ആൾരൂപങ്ങളായ ഡാക്കിട്ടർമാർക്കും ബന്ദ് നടത്താം. വലിയ കാരണമൊന്നും വേണമെന്നുമില്ല. അഴിമതിക്കാരനായ ഒരു ഡാക്കിട്ടർക്കെതിരെ സർക്കാർ നടപടി എടുത്തു. പോരേ കാരണം. ഇയാളുടെ നിഷ്ക്രിയത്വം മൂലം ഒരു യുവാവ് മരിച്ചു. പക്ഷേ അത് അത്ര ഗുരുതരമായ കുറ്റമായി ഒരു ഡാക്കിട്ടറും കാണുകയില്ല. കൊല്ലാൻ ലൈസൻസുള്ളവരാണല്ലോ ഡോക്ടർമാർ. ഈ കാപാലികരെ നിലയ്ക്കു നിർത്താൻ പൊതുജനം രംഗത്ത് വരേണ്ടതായി വരും.

സ്വാശ്രയനിയമം ചവറ്റുകൊട്ടയിലായി. Back to square one എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. ഇനി എന്തു ചെയ്യണമെന്ന് അറിയാതെ കുഴയുകയാണ് സർക്കാർ. അപ്പീൽ കൊടുത്താൽ ഇക്കൊല്ലത്തെ പ്രവേശനവും താറുമാറാകും. പുതിയ നിയമം ഉണ്ടാക്കുക അത്ര എളുപ്പമല്ല. ഉണ്ടാക്കിയാലും അത് നിലനിൽക്കുമെന്ന് പറയാനുമാവില്ല. സമവായത്തിനു ശ്രമിച്ചതുകൊണ്ട് കാര്യമായ പ്രയോജനം ഉണ്ടാകുമെന്നും തോന്നുന്നില്ല. മാനേജ്മെന്റുകൾ ഇപ്പോൾ ജയിച്ചു നിൽക്കുകയാണ്. അതുകൊണ്ട് അവർ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകുമെന്ന് തോന്നുന്നില്ല. സർക്കാർ ശരിക്കും തോറ്റു എന്നു പറഞ്ഞാൽ മതിയല്ലോ.

ഡി.ഐ.സി (കെ.) ലെഫ്റ്റ് കോൺഗ്രസ്സ് എസ്സിൽ ലയിക്കാൻ പോകുന്നു. സാക്ഷാൽ ഡി.ഐ.സി പവാറിന്റെ എൻ.സി.പിയിൽ ലയിച്ചുകഴിഞ്ഞിരിക്കെ ലെഫ്റ്റെന്നും റൈറ്റെന്നും ഒക്കെ പറഞ്ഞു നടക്കുന്നതുകൊണ്ട് വിശേഷിച്ച് ഒരു നേട്ടവും ഉണ്ടാകുകയില്ല എന്ന് എം.എ.ജോണിനും കൂട്ടർക്കും ബോദ്ധ്യമായിരിക്കും. (കൂട്ടർ എന്നതിന് കൂട്ടം എന്ന് അർത്ഥമില്ല. കാരണം, ലെഫ്റ്റിൽ അത്ര വലിയ കൂട്ടമൊന്നും ഇല്ല. ആകെ മൊത്തം ടോട്ടൽ നൂറു പേർ കാണും). എങ്ങുമില്ലാതെ നിന്നാൽ അന്തരീക്ഷത്തിൽ ലയിച്ചുപോകും. കോൺഗ്രസ്സ് എസ്സിൽ ചേർന്നാൽ എന്തെങ്കിലും നക്കാപ്പിച്ച കിട്ടാതിരിക്കില്ല.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്

ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0484-3232356, 9447414608

# റോസമ്മയ്ക്ക് എന്തുമാകാം

റോസമ്മയ്ക്ക് എന്തും ആകാം. ആഭരണമിടാം. വ്യഭിചരിക്കാം. ഭർത്താവിനെ തല്ലാം. കൈക്കൂലി വാങ്ങിക്കാം. ചീത്ത വിളിക്കാം. അങ്ങനെ എന്തും. ഡിഫെൻഡർ ഒഴികെ ആരും എതിർക്കാൻ ധൈര്യപ്പെടുകയില്ല.

കഴിഞ്ഞ ദിവസം റോസമ്മയെ സർവ്വാഭരണ വിഭൂഷിതയായി ടി.വിയിൽ കണ്ടു. സെന്റർ പാസ്റ്ററുടെ ഭാര്യയായ റോസമ്മയ്ക്ക് ആഭരണമാകാം. വിശ്വാസികൾ ആഭരണം ധരിച്ചാൽ സഭയിൽ നിന്ന് ഔട്ടാകും.

ഈ കുറിപ്പ് എഴുതുന്ന സമയത്ത് റോസമ്മയുടെ സഭയിൽ സുരേഷ് ബാബുവിന്റെ കൺവെൻഷൻ നടക്കുകയാണ്. റോസമ്മയും സുരേഷും ഒരേ തൂവൽ പക്ഷികളാണ്. (ഇരുവരുടേയും പ്രധാന തൊഴിൽ വ്യഭിചാരമാണല്ലോ). ആ പ്രദേശത്തുള്ള ഒരു റിസോർട്ടിലാണ് സുരേഷിന്റെ രാപാർപ്പ്. കൺവെൻഷൻ കഴിഞ്ഞ് റോസമ്മയും അവിടെയെത്തുന്നു. സംഗതി കുശാൽ. ഭർത്താവായ ബെഞ്ചമിൻ എല്ലാം കണ്ട് മരച്ചിരിക്കുന്നു.

# ബിഷപ്പ് പ്രശ്നം ആറുമാസം പഴക്കമുള്ളത്

ആറുമാസം പഴക്കമുള്ള സംഭവം വാർത്തയാണെന്ന് പറയാനാവില്ല. ജനം അറിഞ്ഞ കാര്യമാണെങ്കിൽ വാർത്താപ്രാധാന്യം നഷ്ടമായെന്നു വ്യക്തം.

ജനുവരി ലക്കം ക്രൈസ്തവ ചിന്തയിലെ പ്രധാന വാർത്ത മദ്രാസിലെ വ്യാജ മെത്രാൻമാരേപ്പറ്റി ആയിരുന്നു. പക്ഷേ ഈ മെത്രാൻമാരേപ്പറ്റിയും അവർ നടത്തുന്ന തട്ടിപ്പുകളേക്കുറിച്ചും ആറു മാസം മുൻപ് ഡിഫെൻഡർ ഫോട്ടോ സഹിതം വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. റസ്സൽ ഇംഗ്ലണ്ടിലായിരുന്നതുകൊണ്ട് ഇവരേപ്പറ്റി ഡിഫെൻഡറിൽ വാർത്ത വന്ന വിവരം അറിഞ്ഞിരിക്കയില്ല എന്ന് കരുതുന്നു. അതുകൊണ്ടാകാം മെത്രാൻ സംഭവം മത്തങ്ങ വലിപ്പത്തിൽ അടിച്ചു വിട്ടത്.

മേല്പടി മെത്രാൻമാർ തട്ടിപ്പ് നടത്താൻ തുടങ്ങിയിട്ട് വർഷങ്ങൾ പലതായി. ഇവർക്കെതിരെ കേസ്സ് ഉണ്ടായിട്ട് മാസങ്ങൾ പലതു കഴിഞ്ഞു. എന്നിട്ടും ചെന്നയിൽ താമസിക്കുന്ന റെജി ഈ സംഭവം അറിയാൻ ഇത്ര താമസിച്ചതെങ്ങനെ? വാർത്ത റിപ്പോർട്ട് ചെയ്യാൻ ആറു മാസം എടുക്കുന്നത് റിപ്പോർട്ടറുടെ കഴിവില്ലായ്മമൂലമാണ്.

# അത്ഭുതം ഉണ്ടായോ?

അത്ഭുതം നടക്കും എന്ന് പ്രചരിപ്പിച്ച് മലബാറിന്റെ അപ്പോസ്തലനായ വി.റ്റി.ഏബ്രഹാം തിരുവനന്തപുരത്തും എറണാകുളത്തും ഫെസ്റ്റിവൽ ഓഫ് ഡലിവറൻസ് നടത്തുന്ന കാര്യം കഴിഞ്ഞലക്കം ഡിഫെൻഡറിൽ പറഞ്ഞിരുന്നല്ലോ. ഈ രണ്ടു മീറ്റിംഗുകളും കഴിഞ്ഞു. ഇനി ഒരു കാര്യം മാത്രമേ അറിയാനുള്ളൂ: അത്ഭുതം നടന്നോ?

നിരവധി അത്ഭുതങ്ങൾ നടന്നു എന്നൊന്നും പറഞ്ഞ് തടിതപ്പാൻ ശ്രമിക്കരുത്. കാരണം, ഡിഫെൻഡറിന് നിരവധി ആവശ്യമില്ല, ഒന്നു മതി. പക്ഷേ ആ ഒന്ന് തികഞ്ഞ അത്ഭുതം ആയിരിക്കണം എന്നു മാത്രം. അതുകൊണ്ട് വി.റ്റി.ഏബ്രഹാം മറുപടി പറയണം: അത്ഭുതം എന്ന് തീർത്തു പറയാവുന്ന ഒരു സംഭവം എങ്കിലും നടന്നോ? നടന്നെങ്കിൽ എന്ത്? രോഗസൗഖ്യമാണ് ഉണ്ടായതെങ്കിൽ സൗഖ്യം പ്രാപിച്ച വ്യക്തിയുടെ പേരും വിലാസവും ഫോൺ നമ്പറും തരിക. ഡിഫെൻഡർ അന്വേഷിക്കാം. സംഭവം ശരിയാണെന്ന് തെളിഞ്ഞാൽ ഡിഫെൻഡറിന്റെ ആദ്യ പേജിൽത്തന്നെ പ്രസിദ്ധീകരിക്കാം.

അത്ഭുതമൊന്നും നടന്നില്ല എന്നാണ് മറുപടിയെങ്കിൽ അത്ഭുതം നടക്കും എന്ന് പ്രചരിപ്പിച്ച് ജനവഞ്ചന നടത്തിയതിന് ക്ഷമാപണം നടത്തണം. (ഉരുണ്ടുകളിക്കരുത് എന്ന് ചുരുക്കം).

# സുശീലന് അഭിനന്ദനം

മലയാളം ബൈബിളിന് ജി.സുശീലൻ കൺകോഡൻസ് ഉണ്ടാക്കുന്നതായി അറിഞ്ഞു. നല്ലത്. മലയാളം വേദപുസ്തകം ഉപയോഗിക്കുന്നവർക്ക്, വിശേഷിച്ച് ഇംഗ്ലീഷ് പരിജ്ഞാനമില്ലാത്ത ദൈവമക്കൾക്ക് ഈ ഗ്രന്ഥം തീർച്ചയായും ഏറെ ഗുണം ചെയ്യും.

വർഷങ്ങളുടെ കഠിനാധ്വാനത്തിലൂടെ മാത്രമേ ഇത്തരം ഒരു ഗ്രന്ഥം തയ്യാറാക്കുവാൻ കഴിയൂ. ദൈവവചനത്തിൽ നല്ല പരിജ്ഞാനവും വേണം. സുശീലനേപ്പോലുള്ള ഒരാൾക്കു മാത്രമേ ഇത്ര ശ്രമകരമായ ജോലി ഏറ്റെടുക്കാനുള്ള ധൈര്യം ഉണ്ടാകൂ.

# ഇങ്ങനേയും ഒരവാർഡോ?

പോൾ മലയടിക്ക് വാച്ച്മെൻ അവാർഡ് കിട്ടിയെന്ന് മരുപ്പച്ചയിൽ കണ്ടു. എന്താണപ്പാ ഈ വാച്ച് മെൻ അവാർഡ്?

വാച്ച്മെൻ ഇന്ത്യക്ക് പ്രസിഡന്റും സെക്രട്ടറിയും ഉണ്ടെന്ന് വാർത്തയിൽ നിന്നും മനസ്സിലായി. പക്ഷേ ഇവർ അവാർഡ് കൊടുത്തതിന്റെ ഗുട്ടൻസ് പിടികിട്ടിയില്ല. അവാർഡ് കൊടുക്കാൻ വേണ്ടി ഉണ്ടാക്കിയ സംഘടനയാണോ ഇത്? ഇതിനു മുൻപ് ആർക്കൊക്കെ അവാർഡ് കൊടുത്തിട്ടുണ്ട്? ഇതൊന്നും വാർത്തയിലില്ല. അതുകൊണ്ട് പ്രസിഡന്റും സെക്രട്ടറിയും ഇതൊക്കെ ഒന്ന് വിശദീകരിക്കണം.

# അച്ചൻകുഞ്ഞിന് ടി.പി.എം പ്രണയം

ടി.പി.എം എന്ന കൾട്ടിനോട് അച്ചൻകുഞ്ഞിനുള്ള പ്രണയം കുപ്രസിദ്ധമാണ്. എവിടെ ടി.പി.എം കൺവെൻഷനുണ്ടോ അവിടെ അച്ചൻകുഞ്ഞുമുണ്ട് എന്നതാണ് സ്ഥിതി. (കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രൈസ്തവ വിഭാഗങ്ങളും അച്ചൻകുഞ്ഞിന് സ്വീകാര്യമാണ്. സത്യോപദേശമെന്നോ വിപരീതോപദേശമെന്നോ ഉള്ള ഭേദമില്ല).

2007ൽ നടക്കാൻ പോകുന്ന സകലമാന റ്റി.പി.എം കൺവെൻഷനുകളുടേയും സമ്പൂർണ്ണ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ടാണ് അച്ചൻകുഞ്ഞ് ഇത്തവണ റ്റി.പി.എം പ്രണയം വെളിപ്പെടുത്തിയിരിക്കുന്നത്. എന്താണ് ഈ പ്രണയത്തിന്റെ ഉള്ളുകള്ളി? അത് അറിയാൻ ഏറെയൊന്നും പാടുപെടേണ്ടതില്ല. കൺവെൻഷൻ ലിസ്റ്റിന്റെ തൊട്ടടുത്ത് ഒരു അറിയിപ്പുണ്ട്: ''തിരുവല്ല റ്റി.പി.എം കൺവെൻഷനിൽ മരുപ്പച്ച ഓഫീസ് പ്രവർത്തിക്കുന്നു. വരിസംഖ്യ അടയ്ക്കാൻ സൗകര്യം ഉണ്ടായിരിക്കും''. അപ്പോൾ സംഗതി ദീപസ്തംഭം തന്നെ.

# നിലാവിന് നിലവാരമുണ്ട്

ക്രൈസ്തവ ചിന്തയുടെ ജനുവരി ലക്കത്തിൽ പ്രസിദ്ധീകരിച്ച ''നിലാവ് പെയ്യുമ്പോൾ'' എന്ന കവിത സാമാന്യ നിലവാരം പുലർത്തി എന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. കാരൂർ സോമന് അഭിനന്ദനം.

വളരെ അപൂർവ്വമായി മാത്രമേ പെന്തക്കോസ്ത് പത്രങ്ങളിൽ നിലവാരമുള്ള കവിതകൾ വരാറുള്ളൂ. പുതുപ്പള്ളിയജ്ഞനും തമ്പിയും മറ്റും ആണ് കപികൾ. ഇവരുടെ കവിത വായിച്ച് മുഖം ചുളിച്ചിരിക്കുന്നവർ സോമന്റെ കവിത വായിക്കുക.

# ഐ.ഇ.എം കൺവെൻഷനിൽ ഇക്കൊല്ലവും ഇണയല്ലാപ്പിണ

ഇക്കൊല്ലത്തെ ഐ.ഇ.എം കൺവെൻഷനിലും പതിവുപോലെ ഇണയല്ലാപ്പിണ ഉണ്ടാകുമെന്ന് പെന്തക്കോസ്ത് പത്രങ്ങളിൽ നിന്നും അറിയാൻ കഴിഞ്ഞു. ജനുവരി 11 മുതൽ 13 വരെ മാവേലിക്കരയിലാണ് കൺവെൻഷൻ നടക്കുക. (ഈ കുറിപ്പ് എഴുതുമ്പോൾ കൺവെൻഷൻ നടക്കുന്നതേയുള്ളൂ). കൺവെൻഷനോടൊപ്പം നടത്തുന്ന സംഗീത മഹോത്സവത്തിലാണ് ഇണയല്ലാപ്പിണ സ്ഥിരമായി നടക്കുന്നത്.

വീണ്ടും ജനനം പ്രാപിക്കാത്തവർ ആരും ക്രിസ്ത്യാനികളല്ല. വീണ്ടും ജനനം പ്രാപിക്കാത്തവരുമായി ദൈവമക്കൾക്ക് ഒരു വിധത്തിലുള്ള ആത്മീയ കൂട്ടായ്മയും ഉണ്ടാകരുത്. ഇതാണ് ദൈവവചനത്തിന്റെ നിലപാട്. പക്ഷേ സംഗീത മഹോത്സവമെന്ന പേരിൽ ഐ.ഇ.എം കൺവെൻഷനിൽ എല്ലാക്കൊല്ലവും രക്ഷിക്കപ്പെടാത്തവരെ വിളിച്ച് പാട്ടുപാടിക്കും. ഈ വർഷവും മർക്കോസ്, ദലീമ തുടങ്ങിയവർ പാടുമെന്ന് പത്രങ്ങളിൽ കണ്ടു.

തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്ന് മർക്കോസോ ദലീമയോ പറഞ്ഞതായി അറിവില്ല. രക്ഷിക്കപ്പെടുക എന്നാൽ എന്തെന്നും ഇവർക്ക് അറിയാമെന്നു തോന്നുന്നില്ല. രക്ഷിക്കപ്പെടാത്തവർ പാപികളാണ്, വിശുദ്ധരല്ല. നിത്യ നരകത്തിലേക്കാണ് അവർ പോകുന്നത്. ഇതൊക്കെ ഡിഫെൻഡർ പറയുന്നതല്ല, ബൈബിൾ പറയുന്നതാണ്. പക്ഷേ ഐ.ഇ.എംന് ഇതൊന്നും പ്രശ്നമല്ല. ഗാനമേള ഉഷാറായാൽ എല്ലാം തികഞ്ഞു.

# അവാർഡ് വാങ്ങാൻ ആളെ കിട്ടുന്നില്ല

മോഷണായിയുടെ കാര്യം മഹാകഷ്ടമാണ്. പണം മുടക്കാൻ തയ്യാറുള്ള ആർക്കും അവാർഡ് കൊടുക്കാൻ തയ്യാറായി നടന്നിട്ടും അവാർഡ് വാങ്ങാൻ ആളില്ലെന്നു വന്നാൽ എന്തുചെയ്യും? ആണ്ടിൽ 25 അവാർഡെങ്കിലും കൊടുത്തില്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ല എന്ന പക്ഷക്കാരനാണ് മോഷണായി. 2007 ജനുവരിയിൽത്തന്നെ കുറെ അവാർഡ് കൊടുത്ത് പരിപാടി സ്റ്റാർട്ട് ചെയ്തില്ലെങ്കിൽ എണ്ണം തികയ്ക്കാൻ ബുദ്ധിമുട്ടുണ്ടാകും.

വ്യഭിചാരത്തിന്റെ അപ്പൊസ്തലനായ ടി.എസ്.ഏബ്രഹാമിന് ക്രൈസ്തവരത്നം കൊടുത്ത വിദ്വാനാണ് മോഷണായി. ഇരുവരുടേയും തൊഴിൽ ഒന്നാകകൊണ്ട് ഇത് തെറ്റാണെന്നും പറയാനാവില്ല. പിന്നീട് മോഷണായി ഒട്ടേറെ ശുംഭൻമാർക്ക് അവാർഡ് കൊടുത്തു. പത്തും പതിനഞ്ചും അവാർഡുകൾ വരെ ഒന്നിച്ചു കൊടുക്കുകയും ചെയ്തു. ഈ വർഷവും പരിപാടി തുടരാനായിരുന്നു ഉദ്ദേശ്യം. പക്ഷേ ഡിഫെൻഡർ ഈ അവാർഡ് തട്ടിപ്പിനേക്കുറിച്ച് എഴുതാൻ തുടങ്ങിയതോടെ പദ്ധതി പൊളിഞ്ഞു. മോനായിക്ക് പണം കൊടുത്ത് അവാർഡ് വാങ്ങിയാൽ കുറെ നാണക്കേടും ഒപ്പം കിട്ടും എന്ന് ഉറപ്പായതോടെ അവാർഡ് വാങ്ങാൻ ആളില്ലാതായി.

കൺവെൻഷനുകളിൽ പങ്കെടുക്കാനും ഷൈൻ ചെയ്യാനുള്ള അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനുമായി വിദേശത്തുനിന്നും നിരവധി ആളുകൾ ഇപ്പോൾ കേരളത്തിൽ എത്തിയിട്ടുണ്ട്. ഇവരിൽ പലർക്കും അവാർഡുകൾ വാങ്ങാൻ താല്പര്യവുമുണ്ട്. പക്ഷേ ഇവർക്ക് മോഷണായിയുടെ അവാർഡ് വേണ്ടത്രേ. ഇങ്ങനെ പോയാൽ പാവം മോഷണായിയുടെ കഞ്ഞികുടി മുട്ടും.

# യഹോവയുടെ ദിവസം 2012 ഡിസംബർ 22 ?

യഹോവയുടെ ദിവസം എന്നത് 2012 ഡിസംബർ 22 ആണത്രേ. പറയുന്നത് ചർച്ച് ഓഫ് ഫിലാഡെൽഫിയ എന്ന സംഘടനയുടെ സ്ഥാപകനായ ഹാരി വാൾത്തറാണ്. ബൈബിളിൽ ദൈവം രഹസ്യമാക്കി വെച്ചിരുന്ന ഈ തീയതി താൻ വളരെയേറെ പണിപ്പെട്ടാണത്രേ കണ്ടുപിടിച്ചത്. 2010ൽ കാഞ്ഞിരം എന്ന നക്ഷത്രം (വെളി. 8: 10–11) ഭൂമിയിൽ പതിക്കുമെന്നും ഹാരി കണ്ടുപിടിച്ചിട്ടുണ്ട്. വെളി.3:7–12 ആധാരമാക്കി ദൈവവചനം കാക്കുന്ന സഭയാണ് തങ്ങളുടേതെന്നും ഹാരി അവകാശപ്പെടുന്നു.

ബൈബിളിലെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളെല്ലാം തങ്ങൾ അംഗീകരിക്കുന്നു എന്നാണ് ഹാരിയുടെ അവകാശവാദം. പക്ഷേ ഇത് ഒരു കൾട്ടാണ്. ഹാരിക്ക് തോന്നുന്നതെല്ലാം ദൈവീക വെളിപ്പാടുകളായി പ്രഖ്യാപിക്കയാണ് ചെയ്യുന്നത്. ബൈബിളിൽ കോഡുകളായി മറഞ്ഞു കിടക്കുന്ന മാർമ്മിക രഹസ്യങ്ങൾ കണക്കുകൂട്ടി കണ്ടുപിടിച്ചാണ് താൻ ഭാവികാലത്തേക്കുറിച്ച് പ്രവചിക്കുന്നത് എന്നത്രേ ഹാരി പറയുന്നത്. www.satansrapture.com എന്ന വെബ്സൈറ്റിലൂടെയാണ് ഹാരി തന്റെ ദുരുപദേശം പ്രചരിപ്പിക്കുന്നത്.

വെളി. 13:18ൽ പറയുന്ന 666 എന്ന സംഖ്യയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ ഹാരി കണ്ടുപിടിച്ചിട്ടുണ്ട്. അന്ത്യകാലം എന്നതാണ് ഇദ്ദേഹത്തിന്റെ ഇഷ്ടവിഷയം. എതിർക്രിസ്തു ഇപ്പോൾത്തന്നെ ലോകത്തുണ്ടെന്നും 2012 അവസാനിക്കുന്നതോടെ ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുമെന്നുമാണ് ഹാരി അവകാശപ്പെടുന്നത്. എബ്രായ വർഷക്കണക്കുകളും ഇദ്ദേഹം ഉപയോഗിക്കുന്നു.

ഏതു ദുരുപദേശത്തിനും വളരാൻ തക്ക വളക്കൂറുള്ള മണ്ണാണ് അമേരിക്കയിലുള്ളത്. അതുകൊണ്ട് ഇത്തരം ദുർവ്യാഖ്യാനങ്ങൾക്ക് സ്വീകാര്യത ഉണ്ടാകും. സാക്ഷര കേരളത്തിൽ ടി.ജെ.ശാമുവേലിന് കളളപ്രവചനം നടത്താമെങ്കിൽ അമേരിക്കയിൽ ഇതൊക്കെ നടക്കുന്നത് അത്ഭുതമല്ല.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# ബാബു ജോർജ്ജേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു

മരിച്ചുപോയ ചിലരെ കത്തോലിക്കാസഭ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കാറുണ്ട്. മരിച്ച വ്യക്തിയുടെ മദ്ധ്യസ്ഥതയിൽ ഒരു അത്ഭുതം നടന്നു എന്ന് തെളിയുമ്പോഴാണ് വാഴ്ത്തപ്പെട്ടവനാകുന്നത്. വീണ്ടും ഒരു അത്ഭുതം കൂടി നടന്നാൽ വിശുദ്ധപദവിയിൽ എത്തും. പക്ഷേ എ.ജിയിൽ ഇതാ ഒരാൾ ജീവിച്ചിരിക്കെത്തന്നെ വാഴ്ത്തപ്പെട്ടവനായിരിക്കുന്നു. ഡിഫെൻഡർ വെറുതെ പറയുകയാണെന്ന് കരുതുന്നവർ ക്രൈസ്തവചിന്തയുടെ ജനുവരി ലക്കം പേജ് 7 നോക്കുക. ബാബു ജോർജിന്റെ മഹത്വം ഒരു പേജ് മുഴുവൻ നിറഞ്ഞു നിൽക്കുന്നു.

എന്താ ഇപ്പോൾ ഇങ്ങനെയൊരു സപ്ലിമെന്റ് ഇറക്കാൻ കാരണം എന്ന് സംശയമുണ്ടാകാം. കാര്യം വ്യക്തം. എ.ജി നേതൃത്വവുമായി ബാബു ജോർജ് അത്ര രസത്തിലല്ല. അതുകൊണ്ടാണ് പ്രാദേശിക സഭയുടെ സ്വാതന്ത്ര്യത്തേക്കുറിച്ചും മറ്റും സപ്ലിമെന്റിൽ വിശദീകരിക്കുന്നത്. റാന്നി എ.ജിയുടെ കാര്യം റാന്നിയിലുള്ളവർക്ക് നോക്കാനറിയാം. അതിന് പുനലൂരിൽ നിന്ന് ആരും വിഷമിച്ച് എത്തേണ്ടതില്ല എന്നാണ് ബാബു ജോർജ് പറഞ്ഞുവെയ്ക്കുന്നത്.

എസ്.എ.ബി.സിയിലെ പഠനം കഴിഞ്ഞ് എത്തിയപ്പോൾ ചില നല്ല സഭകളിൽ ശുശ്രൂഷകനാകാനുള്ള വാഗ്ദത്തം ഉണ്ടായിരുന്നെങ്കിലും അതെല്ലാം വേണ്ടെന്നു വെച്ചിട്ടാണത്രേ റാന്നിയിൽ എത്തിയത്. പെന്തക്കോസ്തുകാരെ മുട്ടിയിട്ട് നടക്കാൻ വയ്യാത്ത റാന്നിതന്നെ ഈ മഹാത്യാഗി തെരഞ്ഞെടുത്തത് എന്തുകൊണ്ടും നന്നായി.

എസ്.എ.ബി.സിയിലെ പഠനത്തിന്റെ കാര്യം പുറത്തു പറയാതിരിക്കയാണ് ബുദ്ധി. പത്താം ക്ലാസ്സിൽ തോറ്റ ബാബു ജോർജിന് എങ്ങനെ എസ്.എ.ബി.സിയിൽ അഡ്മിഷൻ കിട്ടി എന്ന് ആരെങ്കിലും ചോദിച്ചാൽ കള്ളി വെളിച്ചത്താകും. ആ പഴങ്കഥകളൊക്കെ മറക്കുകയാണ് നല്ലത്. (പത്താം ക്ലാസ്സിൽ തോറ്റവൻ ഡോക്ടറായ കഥ പറയേണ്ടതില്ലല്ലോ).

“ആകർഷകമായ ആരാധന” എന്ന് തലക്കെട്ടിൽ തന്നെ കാണുന്നു. റാന്നി എ.ജിയിലെ ആരാധന ആകർഷകമാണ് എന്ന് പറയുന്നതിന്റെ അർത്ഥം പിടികിട്ടുന്നില്ല. കാരണം, ആകർഷകമായ ആരാധന എന്നൊരു പരിപാടിയേക്കുറിച്ച് ബൈബിളിൽ എങ്ങും കാണുന്നില്ല. ബൈബിളിലില്ലാത്ത എന്തോ പരിപാടിയാണ് ആരാധന എന്ന പേരിൽ റാന്നിയിൽ നടക്കുന്നത് എന്ന് വ്യക്തം.

ദൈവവേലയ്ക്ക് കിട്ടുന്ന പണം ദൈവദാസൻമാർ സ്വന്തമാക്കുന്നതിനെതിരെ ബാബു ജോർജ് പ്രതികരിക്കുന്നു. നല്ലത്. പക്ഷേ ഒരു സംശയം: റാന്നി എ.ജിയുടെ വസ്തുവകകൾ സംബന്ധിച്ച് ചില സംശയങ്ങളുള്ളതായി ഡിസംബർ ലക്കം ജാലകത്തിൽ കണ്ടു. അതേപ്പറ്റി ഒന്നും ഈ സപ്ലിമെന്റിൽ പറയുന്നില്ല. എന്താണ് സത്യം? റാന്നി സഭയുടെ സ്വത്തുക്കൾ ആരുടെ പേരിലാണ് വാങ്ങിയിരിക്കുന്നത്? അസംബ്ലീസ് ഓഫ് ഗോഡ് എന്ന സംഘടനയ്ക്ക് റാന്നി സഭയുടെ സ്വത്തിൽ എന്തെങ്കിലും അവകാശമുണ്ടോ?

തിരുവത്താഴത്തേക്കുറിച്ച് സപ്ലിമെന്റ് ഇങ്ങനെ പറയുന്നു: “സ്നേഹത്തിന്റെ പ്രകടനം തിരുവത്താഴത്തിൽ വീഞ്ഞ് ഒരേ ഗ്ലാസ്സിൽ എല്ലാവരും മാറിമാറി കുടിക്കുന്നതാണെന്ന വിശ്വാസവും റാന്നി എ.ജിക്കില്ല. അതുകൊണ്ട് കേരളത്തിൽ ആദ്യമായി റാന്നി എ.ജി പ്രത്യേകം ഗ്ലാസ്സുകളിൽ വീഞ്ഞു കുടിക്കുന്ന സമ്പ്രദായം ആരംഭിക്കുകയുണ്ടായി. അതിനെതിരെ ഔദ്യോഗിക പത്രത്തിൽ എഴുതുക വരെ ചെയ്തു. (എഴുതിയതാരാണെന്ന് ബാബു ജോർജ് പറയുന്നില്ല). എന്നാൽ അന്ന് എഴുതിയവരും എതിർത്തവരും പ്രത്യേകം ഗ്ലാസ്സിൽ വീഞ്ഞു കുടിക്കുന്നതു കണ്ടപ്പോൾ വിരോധാഭാസമായി തോന്നി. ഉള്ളിൽ ചിരി അടക്കാനും കഴിഞ്ഞില്ല”.

ഉള്ളിൽ ചിരി അടക്കാൻ കഴിഞ്ഞില്ലെങ്കിൽ പൊട്ടിച്ചിരിച്ചു കാണുമെന്ന് കരുതാം. തിരുവത്താഴത്തിനിടയിൽ പൊട്ടിച്ചിരിച്ച ആ മഹാൻ ആരാണെന്ന് സപ്ലിമെന്റ് വ്യക്തമാക്കുന്നില്ല.

വിരോധാഭാസം എന്ന വാക്കിന് വൈരുദ്ധ്യം എന്നല്ല അർത്ഥം ബാബു ജോർജ് മനസ്സിലാക്കണം. വൈരുദ്ധ്യമായി തോന്നുകയും യഥാർത്ഥത്തിൽ വൈരുദ്ധ്യം ഇല്ലാതിരിക്കയും ചെയ്യുന്നതാണ് വിരോധാഭാസം.

സഭ പറക്കുമോ? കർത്താവിന്റെ വരവിങ്കൽ ദൈവമക്കൾ പറക്കും എന്നാണ് നമ്മുടെ വിശ്വാസം. പക്ഷേ റാന്നി എ.ജി ഇപ്പോൾത്തന്നെ പറക്കുകയാണത്രേ: “രണ്ടു ഷിഫ്റ്റിലുള്ള ആരാധനയോടുകൂടി ധാരാളം വിശ്വാസികളുമായി റാന്നി എ.ജി പറന്നുയരുമ്പോൾ 20 വർഷം പുറകോട്ടിറങ്ങി റാന്നിയിൽ കാൽ കുത്തിയ നിമിഷങ്ങളേയോർത്ത് നെടുവീർപ്പിടുകയാണ് പാസ്റ്റർ ബാബു ജോർജ്” എന്ന് സപ്ലിമെന്റ് പറയുന്നു. പറക്കുന്ന ഏക സഭ റാന്നി എ.ജി ആയിരിക്കുമെന്നതിന് സംശയമില്ല. ഓരോ വിശ്വാസിയും സ്വന്തം ചിറക് ഉപയോഗിച്ച് പറക്കുകയാണോ അതോ സഭ ഒറ്റക്കെട്ടായി പറക്കുകയാണോ എന്ന് അറിഞ്ഞുകൂടാ. 20 വർഷം പിറകോട്ടിറങ്ങി നെടുവീർപ്പിടുന്നതെന്തിനെന്നും മനസ്സിലാകുന്നില്ല. (അർത്ഥമറിയാതെ വാക്കുകൾ പ്രയോഗിച്ചാൽ അനർത്ഥമാകും ബാബു ജോർജേ).

ആൺകുട്ടികൾ പാവാട ഉടുക്കുമോ? ഫിജിയിൽ പുരുഷൻമാരുടെ ഔദ്യോഗിക വേഷം പാവാടയാണെന്ന് കേട്ടിട്ടുണ്ട്. പക്ഷേ പാവാട ഉടുക്കുന്ന ആൺകുട്ടികൾ റാന്നിയിൽ ഉള്ളതായി അറിവില്ല. ഇത്തരം ഒരു സംശയം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാം. സപ്ലിമെന്റിൽ “പാസ്റ്റർ ബാബു ജോർജ്, ഭാര്യ ബേബി റാന്നി ബോയ്സ് ഭവനിലെ കുട്ടികളോടൊപ്പം” എന്ന അടിക്കുറിപ്പോടെ ഒരു ചിത്രം സപ്ലിമെന്റിലുണ്ട്. ബാബു ജോർജ്, ഭാര്യ എന്നിവരെ കൂടാതെ ഒൻപത് കുട്ടികളും ചിത്രത്തിലുണ്ട്. “ബോയ്സ് ഭവനിലെ കുട്ടികൾ” എന്ന് പറഞ്ഞിരിക്കുന്നതിനാൽ അവർ ആൺകുട്ടികളാണെന്നും വ്യക്തം. പക്ഷേ ഇവരിൽ മൂന്നുപേർ പാവാടയും ബ്ലൗസുമാണ് ധരിച്ചിരിക്കുന്നത്. ഇതെന്തു മറിമായം? ഏതെങ്കിലും ഫാൻസി ഡ്രസ്സ് മത്സരം കഴിഞ്ഞെടുത്ത ചിത്രമാണോ ഇത്?

ബാബു ജോർജേ, കാര്യമൊക്കെ പിടികിട്ടി. എ.ജി കൺവെൻഷൻ നടക്കുന്ന സമയമായതുകൊണ്ട് റാന്നി സഭയിലെ പ്രശ്നങ്ങളേക്കുറിച്ച് പലരും ചോദിക്കുമെന്ന് തീർച്ച. അതിനുള്ള മറുപടിയാണ് ഈ സപ്ലിമെന്റ്. ഒരു മുഴം നീട്ടി എറിയുന്നു. എ.ജിയിലെ വിഡ്ഢികളെ കബളിപ്പിക്കാൻ ഇതൊക്കെ മതി എന്നു തീർച്ച. പക്ഷേ ചില സംശയങ്ങൾ ബാക്കി നിൽക്കുന്നു.

1. റാന്നി സഭയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എ.ജി നേതൃത്വം ഔദ്യോഗികമായ നിലപാടുകൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?
2. എ.ജിയിലെ മറ്റ് ശുശ്രൂഷകൻമാർക്കും ബാബു ജോർജിനേപ്പോലെ സ്വതന്ത്ര നിലപാട് സ്വീകരിക്കാനുള്ള അനുവാദമുണ്ടോ?
3. ആഭരണം സംബന്ധിച്ച് കേരളത്തിലെ എ.ജിയുടെ ഒദ്യോഗിക നിലപാടെന്താണ്.

ഈ ചോദ്യങ്ങൾക്ക് എ.ജിയുടെ നേതൃത്വമാണ് മറുപടി പറയേണ്ടത്. അവർ മറുപടി പറയുമെന്ന് കരുതാം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** പെന്തക്കോസ്തുകാർ പൊതുവെ ആഭരണ വിരോധികളാണ്. എന്നാൽ ആഭരണം ധരിക്കുന്ന പെന്തക്കോസ്തുകാരും ഇപ്പോൾ ഏറെയുണ്ട്. ഈ വിഷയത്തിൽ ഡിഫെൻഡറിന്റെ നിലപാട് എന്താണ്?

■ ഡിഫെൻഡറിന്റെ അരപേജിൽ മറുപടി പറയാവുന്ന ഒരു വിഷയമല്ല ഇത്. എങ്കിലും വളരെ ചുരുക്കി പറയാം.

പഴയനിയമം അക്ഷരത്തിന്റെ പ്രമാണമായിരുന്നു. അതു ചെയ്യുന്നവൻ അതിനാൽ ജീവിക്കും എന്നതാണ് അതിന്റെ അടിസ്ഥാനം. അക്ഷരം കൊല്ലുന്നു. അതുകൊണ്ട് അത് മരണത്തിന്റെ പ്രമാണമായിരുന്നു.

ക്രിസ്തു സ്വന്ത രക്തത്താൽ നമ്മെ ന്യായപ്രമാണത്തിന്റെ അടിമത്തത്തിൽ നിന്നും വിലയ്ക്കുവാങ്ങി. ഇപ്പോൾ നാം ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരായിരിക്കുന്നത്. അക്ഷരത്തിന്റെ പ്രമാണമല്ല ആത്മാവിന്റെ പ്രമാണമാണ് പുതിയനിയമ വിശ്വാസി അനുസരിക്കേണ്ടത്. ഇത്രയും കാര്യങ്ങൾ മുഖവുര.

പുതിയ നിയമത്തിലെ പ്രമാണങ്ങളുടെ അക്ഷരമല്ല ആത്മാവാണ് നാം പരിഗണിക്കേണ്ടത്. കൊല്ലരുത് എന്നു പറഞ്ഞാൽ അക്ഷരാർത്ഥത്തിൽ കൊല്ലരുത് എന്നു മാത്രമല്ല സഹോദരനെ പകയ്ക്കുകപോലും അരുത് എന്നത്രേ അർത്ഥം. വ്യഭിചാരം ചെയ്യരുത് എന്നു പറഞ്ഞാൽ അക്ഷരാർത്ഥത്തിൽ വ്യഭിചാരം ചെയ്യരുത് എന്നു മാത്രമല്ല, മോഹിക്കേണ്ടതിന് സ്ത്രീയെ നോക്കുകപോലും അരുത് എന്നത്രേ പ്രമാണം. അങ്ങനെ പുതിയനിയമ വിശ്വാസി അനുസരിക്കേണ്ട പ്രമാണങ്ങൾ അതിന്റെ ആത്മാവിനെ അറിഞ്ഞ് അനുസരിക്കണം.

പഴയനിയമം അനുസരിക്കുന്നവൻ ആ അനുസരണത്താൽ ജീവിക്കും. പക്ഷേ ആർക്കും പഴയനിയമം പൂർണ്ണമായി അനുസരിക്കാൻ കഴിഞ്ഞില്ല. അങ്ങനെ പഴയനിയമം എല്ലാവരേയും പാപത്തിൻ കീഴിൽ അടച്ചുകളഞ്ഞു. പുതിയ നിയമം ജീവിക്കാനുള്ള പ്രമാണമല്ല മറിച്ച് ജീവിച്ചവർക്കുള്ള പ്രമാണമാണ്. രക്ഷിക്കപ്പെടാൻ വേണ്ടി അനുസരിക്കുകയല്ല മറിച്ച് രക്ഷിക്കപ്പെട്ടതുകൊണ്ട് അനുസരിക്കയാണ് ചെയ്യുന്നത്.

നമ്മുടെ രക്ഷയ്ക്ക് ആവശ്യമായതെല്ലാം കർത്താവായ യേശുക്രിസ്തു ചെയ്തുകഴിഞ്ഞു. ഇനി നാം രക്ഷിക്കപ്പെടുവാൻ ഒന്നും ചെയ്യേണ്ടതില്ല. ദൈവം സൗജന്യമായി തരുന്ന രക്ഷ സ്വീകരിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. സ്നാനപ്പെടുന്നത് രക്ഷിക്കപ്പെടാനല്ല രക്ഷിക്കപ്പെട്ടതുകൊണ്ടാണ്. പ്രാർത്ഥിക്കുക, കൂട്ടായ്മ ആചരിക്കുക, വിശുദ്ധജീവിതം ചെയ്യുക തുടങ്ങിയവയും രക്ഷിക്കപ്പെടാൻ വേണ്ടി ചെയ്യുന്നതല്ല മറിച്ച് രക്ഷിക്കപ്പെട്ടതുകൊണ്ട് ചെയ്യുകയാണ്.

ആഭരണം ധരിക്കുന്നത് ശരിയോ തെറ്റോ എന്നതാണല്ലോ ചോദ്യം. പഴയനിയമത്തിൽ എന്തു തന്നെ പറഞ്ഞിരുന്നാലും അത് പുതിയനിയമ വിശ്വാസിക്ക് ബാധകമല്ല. കാരണം, ദൈവസഭയിലെ അംഗങ്ങൾ അനുസരിക്കേണ്ടത് പഴയനിയമമല്ല പുതിയ നിയമമാണ്. അതുകൊണ്ട് ആഭരണപ്രശ്നത്തേക്കുറിച്ച് പുതിയ നിയമം എന്തു പറയുന്നു എന്ന് പരിശോധിക്കാം.

കർത്താവായ യേശുക്രിസ്തു ആഭരണപ്രശ്നത്തേക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല. ഗൗരവമുള്ള ഒരു വിഷയമായിരുന്നു ഇത് എങ്കിൽ തീർച്ചയായും കർത്താവ് ഇതേപ്പറ്റി സംസാരിക്കുമായിരുന്നു. അപ്പോസ്തല പ്രവൃത്തികളിൽ ഈ വിഷയം പരാമർശിക്കുന്നതേയില്ല. അതിൽ നിന്നും ഈ വിഷയം അപ്പോസ്തലൻമാരും ഗൗരവത്തിൽ കണ്ടിരുന്നില്ല എന്ന് വ്യക്തം.

പൗലോസ് തിമോത്തിക്ക് എഴുതിയ ഒന്നാം ലേഖനത്തിലും പത്രോസിന്റെ ഒന്നാം ലേഖനത്തിലും ആഭരണപ്രശ്നത്തേക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ അവിടെയും ഒരു മാർഗ്ഗനിർദ്ദേശം എന്ന നിലയ്ക്കു മാത്രമാണ് ഈ വിഷയത്തേക്കുറിച്ച് പറയുന്നത്. പൊന്ന്, വെള്ളി, വിലയേറിയ വസ്ത്രം, കേശാലങ്കാരം തുടങ്ങി പുറമേയുള്ള അലങ്കാരങ്ങളല്ല അകമേയുള്ള മനുഷ്യന്റെ സൗന്ദര്യമാണ് യഥാർത്ഥ സൗന്ദര്യം എന്നത്രേ ഈ വാക്യങ്ങളിൽ പറയുന്നത്. പക്ഷേ ആഭരണം ധരിക്കയോ മുടി പിന്നുകയോ വിലയേറിയ വസ്ത്രം ധരിക്കയോ ചെയ്താൽ നരകത്തിൽ പോകും എന്ന് അർത്ഥമില്ല.

ആദ്യമായി വസ്ത്രത്തിന്റെ കാര്യം എടുക്കാം. ഏതുതരം വസ്ത്രമാണ് നാം ധരിക്കേണ്ടത്? ഒരു നൂറ്റാണ്ടു മുൻപ് മുണ്ടും രണ്ടാം മുണ്ടും ആയിരുന്നു കേരളത്തിൽ മാന്യമായ പുരുഷവേഷം. ചട്ടയും മുണ്ടും ആയിരുന്നു ക്രിസ്ത്യൻ സ്ത്രീകളുടെ വേഷം. പിൽക്കാലത്ത് സാരി എത്തി. പക്ഷേ കുടുംബത്തിൽ പിറന്നവർ സാരിയുടുക്കുമായിരുന്നില്ല. പക്ഷേ കാലം മാറി. പുരുഷൻമാർ രണ്ടാംമുണ്ട് ഉപേക്ഷിക്കുകയും ഷർട്ട് സ്വീകരിക്കുകയും ചെയ്തു. ചട്ടയും മുണ്ടും സാരിക്ക് വഴിമാറി. ഇപ്പോൾ പുരുഷൻമാർക്ക് പാന്റ്സും ഷർട്ടും സ്ത്രീകൾക്ക് ചുരിദാറും ആകാം. എങ്കിലും മിക്ക അമ്മച്ചിമാരും ചുരിദാർ ഇടാറില്ല.

ബർമ്മയിൽ ലുങ്കിലും ഫിജിയിൽ പാവാടയുമാണ് പുരുഷൻമാരുടെ മാന്യമായ വേഷം. ഇതിൽ ഏതെങ്കിലും ഒരു വേഷം ധരിച്ച് കെ.സി.ജോണോ ടി.എസ്. ഏബ്രഹാമോ കുമ്പനാട് കൺവെൻഷന് പ്രസംഗിച്ചാൽ എങ്ങനെയിരിക്കും? ഒരിടത്ത് മാന്യമായത് മറ്റൊരിടത്ത് അപമാനകരമായിത്തീരുന്നു.

ടൈയും കോട്ടും ഒക്കെ ധരിക്കുന്നതും ഇതുപോലെതന്നെ. പാശ്ചാത്യ നാടുകളിൽ ഇതാണ് മാന്യമായ വേഷം. അവിടത്തെ കാലാവസ്ഥയ്ക്ക് ഇണങ്ങിയ വേഷവും ഇതുതന്നെ. പക്ഷേ കേരളത്തിൽ ഈ വേഷം ധരിക്കുന്നത് കുറഞ്ഞപക്ഷം അഹങ്കാരമെങ്കിലുമാണ്. കോട്ടും ടൈയും ഒക്കെ അണിഞ്ഞ് വിയർത്തുകുളിച്ച് സ്റ്റേജിലിരിക്കുന്ന നേതാവിനെ നോക്കി കുറഞ്ഞപക്ഷം ഒന്നു കൊഞ്ഞനം കുത്താനെങ്കിലും നമുക്ക് കഴിയണം.

ആഭരണം ഇടുന്നതോ ഇടാതിരിക്കുന്നതോ ഗൗരവമുള്ള വിഷയമല്ല. പക്ഷേ ഇടർച്ച വരുത്തുന്ന പ്രവൃത്തികൾ ഒഴിവാക്കണം. കേരളത്തിലെ പെന്തക്കോസ്തുകാർ ആഭരണം ധരിക്കുന്നത് പാപമായി കണക്കാക്കുന്നു. അവരുടെ ഇടയിൽ ആഭരണം ധരിച്ചുചെന്ന് കലക്കം ഉണ്ടാക്കരുത്. ആഭരണം ധരിച്ചതുകൊണ്ട് വിശേഷിച്ച് ആത്മീക വർദ്ധനയൊന്നും ഉണ്ടാകുന്നതുമില്ലല്ലോ.

മരുന്നു കഴിക്കുന്നത് അടുത്ത കാലം വരെ മഹാപാപമായി പെന്തക്കോസ്തുകാർ കണക്കാക്കിയിരുന്നു. പക്ഷേ ഇപ്പോൾ മരുന്ന് പാപമല്ലാതായിക്കഴിഞ്ഞു. മീശ വെച്ചാൽ നരകത്തിൽ പോകും എന്നായിരുന്നു ആദ്യകാല പെന്തക്കോസ്തുകാരുടെ വിശ്വാസം. പക്ഷേ ഇപ്പോൾ പാസ്റ്റർമാർ വരെ മീശ വെയ്ക്കുന്നു.

ആഭരണം ധരിക്കുന്ന പെന്തക്കോസ്തുകാരുടെ (പെന്തക്കോസ്ത് സഭകളുടെ) എണ്ണം കൂടി വരുകയാണ്. ഒന്നോ രണ്ടോ ദശാബ്ദങ്ങൾ കഴിയുമ്പോൾ ആഭരണപ്രശ്നം ഒരു പ്രശ്നമല്ലാതായേക്കാം. അങ്ങനെയൊരു സ്ഥിതി ഉണ്ടായാൽ ആർക്കും ഇടർച്ച വരുത്താതെ ആഭരണം ധരിക്കാൻ കഴിഞ്ഞേക്കാം.

ആഭരണമായാലും വസ്ത്രമായാലും ഭക്ഷണമായാലും ഇടർച്ചയ്ക്ക് കാരണമാകരുത്. ഇവയൊന്നും അതിൽത്തന്നെ പാപമല്ല. പക്ഷേ ഇവമൂലം ഇടർച്ച ഉണ്ടാക്കിയാൽ അത് പാപമായിത്തീരും. അതുകൊണ്ട് ആഭരണം ധരിച്ച് ഇടർച്ച ഉണ്ടാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ആഭരണം ധരിക്കുന്നതുകൊണ്ട് ദോഷമല്ലാതെ ഗുണവുമില്ലല്ലോ.

# കുര്യൻ പ്രശ്നം പുലിവാലായി

പത്രപ്പരസ്യം നൽകി സഭാരജിസ്റ്റർ പുതുക്കുക എന്നൊരു പരിപാടിയേക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അങ്ങനെയൊന്ന് കേൾക്കാനും കാണാനും ഐ.പി.സി അവസരമൊരുക്കിയിരിക്കയാണ്. ജനുവരിയിൽ ഇറങ്ങിയ വിവിധ പത്രങ്ങളിൽ ഇത്തരം ഒരു പരസ്യം കാണാം. ഇതെന്തു പരസ്യമാണപ്പാ എന്ന് സാധുക്കൾ ചോദിച്ചുപോയാൽ അവരെ കുറ്റം പറയാനാവില്ല. കാരണം, ഇത്തരത്തിലുള്ള പരസ്യങ്ങൾ മുൻപൊരിക്കലും ഒരു പത്രത്തിലും വന്നിട്ടില്ലല്ലോ.

ആമല്ലൂർ ഐ.പി.സി സഭയുമായി ബന്ധപ്പെട്ടതാണ് പരസ്യം. ഈ പരസ്യത്തിന് രണ്ടു ഭാഗങ്ങളുണ്ട്. (പ്രവചന വ്യാഖ്യാനക്കാരുടെ ഭാഷയിൽ രണ്ടു പതനമുണ്ട് എന്നും ആകാം). ആദ്യത്തേത് ഐ.പി.സി കേരള സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയുടെ വകയായുള്ള ചാക്രിക ലേഖനമാണ്. പാസ്റ്റർ സജി ജോണിനോടൊപ്പം ആരാധിക്കുന്നവർ മാത്രമാണ് ഐ.പി.സി ആമല്ലൂർ സഭയുടെ അംഗങ്ങളെന്നും ആമല്ലൂർ എബനേസർ സഭയുടെ അംഗത്വ രജിസ്റ്ററിൽ പേര് ചേർക്കാൻ ആഗ്രഹിക്കുന്നവർ സജിയുടെ കൂട്ടായ്മയിൽ പങ്കെടുക്കണമെന്നുമാണ് ഈ അറിയിപ്പിൽ ഉള്ളത്. രണ്ടാമത്തെ ഭാഗത്ത് സജിയുടെ ഫോട്ടോയും ഫോൺ നമ്പറും സഹിതമാണ് അറിയിപ്പ്. ആമല്ലൂർ സഭയുടെ അംഗങ്ങളായി സ്വദേശത്തും വിദേശത്തും ഉള്ള എല്ലാവരും ജനുവരി 31ന് മുൻപായി രജിസ്റ്ററിൽ പേര് ചേർക്കണം എന്നാണ് സഭാസെക്രട്ടറിയുടെ അറിയിപ്പ്. ഐ.പി.സിയിലെ രാഷ്ട്രീയക്കളികൾ അറിഞ്ഞുകൂടാത്തവർക്ക് ഇതിന്റെയൊക്കെ പൊരുൾ പിടികിട്ടുകയില്ല. അതുകൊണ്ട് ഈ പരസ്യത്തിന്റെ പിന്നിലെ കഥ പറയാം.

ടി.എസ്.ഏബ്രഹാം കുളത്തൂപ്പുഴക്കാരി പെണ്ണിനെ ഗർഭിണിയാക്കുകയും പിന്നീട് ഗർഭഛിദ്രം നടത്തുകയും മറ്റും ചെയ്ത കഥ ഡിഫെൻഡർ പുറത്താക്കിയതോടെയാണ് പ്രശ്നം തുടങ്ങിയത്. ടി.എസ് ബാലനെതിരെ ടി.എസ്.ഏബ്രഹാമിന്റെ ശിങ്കിടികൾ ഒട്ടേറെ കള്ളക്കേസ്സുകൾ കൊടുത്തു. ഈ കേസ്സുകൾ നടത്താനായി ഐ.പി.സി നേതൃത്വം ആമല്ലൂർ സഭാശുശ്രൂഷകനായ കെ.പി.കുര്യന് അധികാരവും കൊടുത്തു. പക്ഷേ ഭസ്മാസുരന് വരം കൊടുത്തതുപോലെയായി കാര്യങ്ങൾ. ഏതാനും വർഷം കഴിഞ്ഞപ്പോൾ കുര്യൻ ടി.എസ്.ഏബ്രഹാമിനെതിരെ തിരിഞ്ഞു. അതോടെ ടി.എസ്.ഏബ്രഹാം കുര്യനെ ഐ.പി.സിയിൽ നിന്നും പുറത്താക്കി. പക്ഷേ കുര്യൻ ആമല്ലൂർ സഭാഹാളിൽ നിന്ന് ഇറങ്ങിയില്ല. മറ്റൊരു വഴിയും ഇല്ലാതായപ്പോൾ കുമ്പനാട് പക്ഷം സഭാഹാൾ വിട്ട് പുറത്തിറങ്ങി മറ്റൊരു ആരാധന ആരംഭിച്ചു. ബാക്കി കാര്യങ്ങൾ പരസ്യത്തിൽ നിന്നും മനസ്സിലാക്കാം.

# പോഷണം ശരിയാക്കിയാൽ ഏതു രോഗവും മാറുമെന്നോ?

''ഫലഭോജനം, അതായത് വേവിക്കാത്ത വിവിധയിനം പഴങ്ങൾ, പച്ചക്കറികൾ, അണ്ടിവർഗ്ഗങ്ങൾ, പച്ചത്തേങ്ങ, മുളപ്പിച്ച ധാന്യങ്ങൾ എന്നിവമാത്രം ആഹാരമാക്കുക, പച്ചവെള്ളം കുടിക്കുക, പ്രകൃതിയോടിണങ്ങി ജീവിക്കുക, നിങ്ങളുടെ ഏതു രോഗവും മാറും''. പറയുന്നത് ഡോ. ജോൺ ബേബി പി.എച്ച്.ഡി. (മരുപ്പച്ച - ഡിസംബർ 20).

ഈ കക്ഷിയേക്കുറിച്ച് ഡിഫെൻഡറിന് കൂടുതൽ ഒന്നും അറിഞ്ഞുകൂടാ. ഇദ്ദേഹം യഥാർത്ഥ പി.എച്ച്.ഡിക്കാരനാണോ അതോ ചുമ്മാഡോ ആണോ എന്നും അറിഞ്ഞുകൂടാ. പക്ഷേ ഈ ലേഖനത്തിൽ പറയുന്നത് ശുദ്ധ വിവരക്കേടാണ്.

ഈ ചികിത്സാവിധിയുടെ മഹത്വം ലേഖകൻ വിവരിക്കുന്നു: ''കാൻസർ ഉൾപ്പെടെയുള്ള വ്രണങ്ങളും മുഴകളുമെല്ലാം മാറാൻ ഈ ആഹാരക്രമം ഏതാനും ആഴ്ചകൾ ശീലിച്ചാൽ മതി. നാലഞ്ചു ദിവസം കൊണ്ട് ആസ്തമ പരിഛേദം മാറുന്നു. പഴങ്ങൾ മാത്രം ഭക്ഷിച്ച് ഏഴെട്ടു ദിവസങ്ങൾ കൊണ്ട് ശരീരത്തിലെ പഞ്ചസാര സ്വാഭാവിക നിലവാരത്തിലേക്ക് വരുന്നു. പ്രമേഹം മാറുന്ന ഏറ്റവും ഫലപ്രദമായ ആഹാരം ഐസ് ചേരാത്ത കരിമ്പിൻ നീരാണ്. ഒരു തർക്കത്തിനും മുതിരേണ്ടതില്ല. സ്വയം പരീക്ഷിച്ച് ബോദ്ധ്യപ്പെടുക. യാതൊരു അപകടവുമില്ല....''.

സംഗതി ഒന്നാംതരം ആയിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ. പ്രമേഹരോഗി ഒരാഴ്ച കരിമ്പിൻ നീര് കുടിച്ച് പരീക്ഷണം നടത്തിയാൽ തർക്കിക്കേണ്ട ആവശ്യം വരില്ല. ആഹാരം ക്രമീകരിച്ചാൽ എങ്ങനെയാണ് ആസ്തമ മാറുന്നതെന്നും അറിഞ്ഞുകൂടാ. മന്ത് മാറ്റാനും ആഹാരം ക്രമീകരിച്ചാൽ മതിയോ?

മരുപ്പച്ചയുടെ അരപ്പേജ് വലിപ്പമുള്ളതാണ് ലേഖനം. അതുകൊണ്ട് ഓരോ വാചകവും എടുത്ത് വിലയിരുത്താൻ ബുദ്ധിമുട്ടുണ്ട്. സാമ്പിളിന് ഇത്രയും മതി.

ഒരു പി.എച്ച്.ഡി ക്കാരന് (അയാൾ പി.എച്ച്.ഡി എടുത്തത് ഏതു വിഷയത്തിലാണെങ്കിലും) ഇത്രത്തോളം വിവരക്കേട് എഴുന്നെള്ളിക്കാൻ പറ്റില്ല. കാരണം, ഗവേഷണത്തിന്റെ ബാലപാഠങ്ങളെങ്കിലും പഠിക്കാതെ ഒരു വിഷയത്തിലും പി.എച്ച്.ഡി എടുക്കാൻ ആവില്ല എന്നതുതന്നെ.

ഭക്ഷണം പാകം ചെയ്യുമ്പോൾ പോഷകാംശത്തിൽ കുറവുണ്ടായേക്കാം. പക്ഷേ പാകം ചെയ്യാത്ത ഭക്ഷണവും പച്ചവെള്ളവും സർവ്വരോഗ സംഹാരിയാണെന്ന് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പറയണമെങ്കിൽ അസാമാന്യ വിവരക്കേട് വേണം. മനുഷ്യശരീരത്തിന്റെ പ്രവർത്തനം, രോഗം തുടങ്ങിയവയേക്കുറിച്ച് അല്പമെങ്കിലും അറിയാവുന്നവർക്ക് ഇങ്ങനെയൊന്നും പറയാൻ പറ്റില്ല. ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നത് മരുപ്പച്ച ഒഴിവാക്കണം.

# ശുശ്രൂഷാസഹായി: ചുമ്മാഡോ വഹ

ചുമ്മാ ഡോ ബാബു ജോർജ് ശുശ്രൂഷാ സഹായി പുറത്തിറക്കിയിരിക്കുന്നു. വില നൂറു രൂപ. എന്തിനാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്? അതിനുള്ള ഉത്തരം ബാബു ജോർജ് തന്നെ പറയുന്നു:

''പുതിയനിയമ സഭയിൽ അനുവർത്തിക്കേണ്ട ശുശ്രൂഷകളെല്ലാം തിരുവചനാനുസൃതമുള്ളവയാണെങ്കിലും അവ നടത്തേണ്ട മാർഗ്ഗരേഖ തിരുവചനം നൽകുന്നില്ല''. കർത്താവിന് പറ്റിയ ഈ അബദ്ധം തിരുത്താനാണ് ബാബു ജോർജ് ശ്രമിക്കുന്നത്. അതുകൊണ്ട് സംഗതി നന്നായിരിക്കും എന്ന് തീർച്ച. പുസ്തകം കണ്ടിട്ട് കൂടുതൽ വിശദമായ വിലയിരുത്തൽ നടത്താം.

# പീഡനമുണ്ടായാൽ അച്ചൻകുഞ്ഞിന് കുശാൽ

ക്രൈസ്തവ പീഡനം എന്നു വിളിക്കാവുന്ന എന്തെങ്കിലും സംഭവം ഇന്ത്യയിൽ എവിടെയെങ്കിലും ഉണ്ടായാൽ അതിൽ ഏറ്റവും അധികം സന്തോഷിക്കുന്ന വ്യക്തി അച്ചൻകുഞ്ഞ് ഇലന്തൂർ ആയിരിക്കും. ജനത്തെ ഇളക്കാൻ പറ്റിയ വാർത്ത കിട്ടിയതിനാലാണ് അച്ചൻകുഞ്ഞ് സന്തോഷിക്കുന്നത്. സംശയമുള്ളവർ മരുപ്പച്ചയുടെ ജനുവരി 5 ലക്കം നോക്കുക. ഒന്നാം പേജിൽ മൂന്നു വാർത്തകളുണ്ട്. മൂന്നും പീഡനവാർത്തകൾ. അടുത്ത പേജിൽ അരപ്പേജ് വലിപ്പമുള്ള എഡിറ്റോറിയൽ പീഡനം എക്സ്ട്രാ.

കഷ്ടത ദൈവമക്കളുടെ അവകാശമാണ്. സുവിശേഷത്തിന്റെ പേരിൽ മർദ്ദനമുണ്ടാകുന്നത് പുതിയ കാര്യവുമല്ല. പക്ഷേ സുവിശേഷ വിരോധികൾ ഏതെങ്കിലും ക്രിസ്ത്യാനിയെ തുറിച്ചൊന്നു നോക്കിയാൽ അച്ചൻകുഞ്ഞിന് കുശാലായി.

# ട്രാവൽ ഏജൻസികൾ വിഡ്ഢിവേഷം കെട്ടി

കേരളം ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ട്രാവൽ ഏജൻസികളെ കഴിഞ്ഞ ദിവസം ചില വിരുതൻമാർ വിഡ്ഢികളാക്കി. മിക്കവർക്കും പണനഷ്ടവും മാനഹാനിയും ഉണ്ടായി.

എല്ലായിടത്തും ഒരേ തന്ത്രമാണ് തട്ടിപ്പുകാർ പ്രയോഗിച്ചത്. ട്രാവൽ ഏജൻസിയുടെ അഡ്രസ്സും ഫോൺ നമ്പറും സംഘടിപ്പിക്കുകയാണ് ആദ്യപടി. ഗൾഫിലുള്ള ഏതെങ്കിലും വൻകമ്പനികളുടെ പ്രതിനിധികൾ എന്ന നിലയിലായിരിക്കും ഈ വിരുതൻമാർ ട്രാവൽ ഏജൻസികളുമായി ഈമെയിലിലൂടെയോ ഫാക്സിലൂടെയോ ബന്ധപ്പെടുക. ഡ്രൈവർമാർ, ഇലക്ട്രീഷ്യൻമാർ, ഓഫീസ് സ്റ്റാഫ് തുടങ്ങിയവരെ തങ്ങൾക്ക് ആവശ്യമുണ്ടെന്ന് ഇവർ അറിയിക്കും. ഉയർന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യും. ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്യാൻ ഇവർ എത്തുന്ന തീയതിവരെ അറിയിക്കും.

നല്ലൊരു കോളുകിട്ടിയ സന്തോഷത്തിൽ ട്രാവൽ ഏജൻസികൾ പത്രങ്ങളിൽ പരസ്യം ചെയ്യും. നിശ്ചിത ദിവസം നേരിൽ ഹാജരാകാൻ ഉദ്യോഗാർത്ഥികളെ അറിയിക്കയും ചെയ്യും. പക്ഷേ ഇന്റർവ്യൂ നടക്കുന്നതിന്റെ തലേദിവസം ഒരു ഫോൺ/ഫാക്സ്/ഈമെയിൽ ലഭിക്കും. തങ്ങൾ ബോംബെ/ഡൽഹി/കൽക്കത്തയിൽ എത്തിയിട്ടുണ്ടെന്നും പണം വെച്ചിരുന്ന ബാഗ് മോഷണം പോയതുകൊണ്ട് ഇന്റർവ്യൂ നടത്താൻ എത്താൻ കഴിയാതെ വിഷമിക്കയാണെന്നും അവർ പറയും. അതിനുള്ള പരിഹാരവും അവർ നിർദ്ദേശിക്കും. തങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഉടൻ 30,000 (അല്ലെങ്കിൽ 50,000) രൂപ നിക്ഷേപിച്ച് സഹായിക്കുക. അക്കൗണ്ട് നമ്പറും അവർ നൽകും. കിട്ടാൻ പോകുന്ന ലക്ഷങ്ങൾ സ്വപ്നം കണ്ട് ഭൂരിപക്ഷം ട്രാവൽ ഏജൻസികളും പണം നിക്ഷേപിക്കും. അതോടെ കഥ അവസാനിക്കും.

ആകർഷകമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്ത് കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ചയായി പ്രമുഖ പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട ഗൾഫ് റിക്രൂട്ട്മെന്റ് പരസ്യങ്ങളിൽ ഭൂരിപക്ഷവും ഇത്തരം തട്ടിപ്പുകളായിരുന്നു. പരസ്യക്കൂലി ഇനത്തിലും മറ്റുമായി ട്രാവൽ ഏജൻസികൾക്ക് ലക്ഷങ്ങൾ നഷ്ടമായി. കൂടാതെ, പോലീസ് കേസ്സും മറ്റും ഉണ്ടാകുമോ എന്ന ഭയത്തിലുമാണ് ഇവർ.

ഗുണപാഠം:

If it seems to be too good to be true, it may be too good to be true.

# ശവസംസ്ക്കാരം: ആലുവിള പറഞ്ഞത് ശരി

''ശവസംസ്ക്കാര ശുശ്രൂഷ അനുശോചന സമ്മേളനമോ?'' എന്ന തലക്കെട്ടിൽ ഷാജി ആലുവിള ക്രൈസ്തവചിന്തയിൽ എഴുതിയ ലേഖനം നന്നായിരുന്നു. ശവസംസ്ക്കാരവുമായി ബന്ധപ്പെട്ട് പെന്തക്കോസ്ത് സഭകളിൽ നിലനിൽക്കുന്ന ദുരാചാരങ്ങൾക്കെതിരെ ലേഖകൻ വിരൽ ചൂണ്ടുകയാണ്.

ശവസംസ്ക്കാര ശുശ്രൂഷകൾ അനുശോചന സമ്മേളനങ്ങളായി മാറിക്കൊണ്ടിരിക്കയാണ്. പങ്കെടുക്കുന്ന എല്ലാവരും, വിശേഷിച്ച് പാസ്റ്റർമാർ, അനുശോചന പ്രസംഗങ്ങൾ നടത്തുന്നു. വന്നിരിക്കുന്ന പൊതുജനം ബോറടിക്കുന്നു. ഇത് അവസാനിപ്പിക്കണമെന്നാണ് ലേഖകൻ പറയുന്നത്. ഈ നിർദ്ദേശം തികച്ചും സ്വീകാര്യമാണ്. എങ്കിലും ഏട്ടിലെ പശു പുല്ലുതിന്നുകയില്ല. അനുശോചനപ്രസംഗങ്ങളുടെ എണ്ണം ഇനിയും വർദ്ധിക്കുകയേയുള്ളൂ. ഒന്നു ഷൈൻ ചെയ്യാൻ കിട്ടുന്ന അവസരം വെറുതെ കളയാൻ ആരും ഇഷ്ടപ്പെടുകയില്ല എന്നതുതന്നെ കാരണം.

അനുശോചന പ്രസംഗങ്ങൾ ഒഴിവാക്കിയാലും പ്രശ്നം തീരുന്നില്ല എന്ന വസ്തുത ലേഖകൻ ശ്രദ്ധിച്ചിട്ടില്ല. ശവസംസ്ക്കാര ശുശ്രൂഷ എന്നൊരു ശുശ്രൂഷയില്ല. അത്തരം ഒരു ശുശ്രൂഷയേക്കുറിച്ച് ദൈവവചനത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പറയുന്നുമില്ല. സമുദായങ്ങളിൽ നിന്നും പെന്തക്കോസ്തുകാർ കടംകൊണ്ട ഒരു ദുരാചാരമാണിത്. അതുകൊണ്ട് ശവസംസ്ക്കാര ശുശ്രൂഷ എന്ന പരിപാടി തന്നെ ഒഴിവാക്കണം.

ശവം സംസ്ക്കരിക്കരുത് എന്നല്ല പറഞ്ഞുവരുന്നത്. ഇത് ഒരു ശുശ്രൂഷയല്ല. ശുശ്രൂഷ ആക്കുകയും അരുത്. ശവം പൊതുദർശനത്തിനു വെയ്ക്കുന്നത് തെറ്റല്ല. ആ സമയത്ത് പ്രത്യാശാഗീതങ്ങൾ പാടുന്നതും നല്ലതാണ്. എല്ലാം കഴിഞ്ഞ് ഒരു ലഘു പ്രസംഗം ആകാം. വിവരമുള്ള ഏതെങ്കിലും ദൈവദാസൻ ക്രിസ്തീയ പ്രത്യാശയേക്കുറിച്ച് പ്രസംഗിക്കുകയും പരേതന്റെ കുടുംബത്തിനായി പ്രാർത്ഥിക്കയും ചെയ്യണം. അതു കഴിഞ്ഞ് മറ്റൊരു കലാപരിപാടിയും വേണ്ട. സെമിത്തേരിയിൽ ചെന്നിട്ടുള്ള പ്രാർത്ഥനയും മറ്റ് അഭ്യാസങ്ങളും ഒഴിവാക്കണം.

സ്വന്തമായി സ്ഥലമുള്ളവർ സ്വന്തം സ്ഥലത്തുതന്നെ ശവം സംസ്ക്കരിക്കണം. കിടപ്പാടം ഇല്ലാത്തവർ സഭയ്ക്ക് സെമിത്തേരി ഉണ്ടെങ്കിൽ അവിടെ ശവം സംസ്ക്കരിക്കുക. ഈ രണ്ടു മാർഗ്ഗങ്ങളും ഇല്ലെങ്കിൽ പഞ്ചായത്തിന്റേയോ മുനിസിപ്പാലിറ്റിയുടേയോ പൊതു ശ്മശാനത്തിൽ ശവം കുഴിച്ചിടുകയോ ദഹിപ്പിക്കയോ ചെയ്യാം. (ദഹിപ്പിച്ച ശരീരം ഉയിർപ്പിക്കാനും കർത്താവിന് ശക്തിയുണ്ട്).

(ഷാജി ആലുവിള മലയാളം അല്പംകൂടി പഠിക്കണം. അങ്ങനെ ചെയ്താൽ ''ശാസ്ത്രീയലോകം'', ''പ്രായാധിക്യമരണം'' തുടങ്ങിയ അബദ്ധങ്ങൾ ഒഴിവാക്കാൻ കഴിയും.)

# ചവർ ഇപ്പോഴും മേല്പടി

ചവർ ഇപ്പോഴും മിക്ക ജില്ലകളിലും കിട്ടുന്നില്ല. മദ്ധ്യതിരുവിതാംകൂറിലുള്ള ഏതാനും ജില്ലകളിൽ മാത്രമാണ് ചാനൽ ഉള്ളത്. ഏഷ്യാനെറ്റിന് പണം കൊടുക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. ചവറിൽ സ്ഥിരമായി പരിപാടി നടത്തുന്നവർ കെ.സി.ജോണിന്റെ തട്ടിപ്പ് മനസ്സിലാക്കിയിട്ടില്ല എന്ന് തോന്നുന്നു.

ചാനൽ തുടങ്ങിയ കാലത്തും ഇതുതന്നെ ആയിരുന്നു സ്ഥിതി. ആദ്യ ദിവസം മുതൽ തന്നെ തിരുവല്ലയിലും പരിസരത്തും ചാനൽ ലഭിച്ചിരുന്നു. ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞാണ് മറ്റു സ്ഥലങ്ങളിൽ ചാനൽ ലഭിക്കാൻ തുടങ്ങിയത്. പക്ഷേ ഡിസംബർ ഒന്നാം തീയതി മുതൽ കേരളത്തിൽ ഒരിടത്തും ചവർ കിട്ടാതായി. രണ്ടാഴ്ച കഴിഞ്ഞ് പത്തനംതിട്ട, കോട്ടയം തുടങ്ങിയ ജില്ലകളിൽ വീണ്ടും ചാനൽ പ്രത്യക്ഷപ്പെട്ടു. ഇപ്പോഴും ഈ സ്ഥിതി തുടരുകയാണ്. സാറ്റ്ലൈറ്റിന് കൊടുത്ത പണത്തിന്റെ കാലാവധി തീരുമ്പോൾ ചവർ എന്നന്നേക്കുമായി അപ്രത്യക്ഷമാകും.

# Christian Rock Music: Christian or Satanic?

## Ric Llewellyn

**(Con...... from the previous Issue)**

. (h) **"Like human nature itself, music cannot possibly be neutral in its spiritual direction** ... ultimately all uses of tone [**score**] and all musical **lyrics** can be classified according to their spiritual direction, upward or downward. ... To put it plainly, music tends to be of either the darkness or of the light" (p. 187). In his famous work, Laws, Plato lamented the musical revolution of his time and its "unmusical anarchy": "Through foolishness they deceived themselves into thinking that there was no right or wrong in music-that it was to be judged good or bad by the pleasure it gave. By their work and their theories they infected the masses with the presumption to think themselves adequate judges. ... As it was, the criterion was not music, but a reputation for promiscuous cleverness and a spirit of law-breaking" (p. 189).

(i) In his closing comments on the roots of music styles and rhythms, David Tame, with a keen "spiritual" insight often lacking in many believers today, takes particular offense with rock music: "More than any other form of the misuse of sound, it is rock with which we must deal today. ... It is a global phenomenon; a pounding, pounding destructive beat which is heard from America and Western Europe to Africa and Asia. Its effect upon the soul is to make nigh-impossible the true inner silence and peace necessary for the contemplation of eternal verities. ... How necessary is it in this age for some to have the courage to be the ones who are 'different', and to separate themselves out from the pack who long ago sold their lives and personalities to this sound. ... **I adamantly believe that rock in all its forms is a critical problem which our civilization must get to grips. ... if it wishes long to survive"** (p. 204). (Emphasis added.)

For the world, it is impossible to separate from the lure of the pleasures of the flesh; they have no desire to do so nor do they have the power to do so if they did desire. But what reasons do we as Christians have to ignore our Lord's command to come out and be separate? Instead, we adopt the world's music in all its destructive forms [**score** and **character**], add Christian **lyrics** to it, and think we are being pleasing to the Lord and are a testimony of holiness to an unbelieving world.

More recent medical research (than that cited by Tame) also disputes the notion of the supposed "neutrality" of music:

(a) Dr. John Diamond, a medical doctor, has conducted extensive research on the medical effects of music. He has noted that man is rhythmic in respiration, heartbeat, pulse, speech, and gait, and when the rhythm of music corresponds to the natural body rhythms, it produces feelings of ecstasy, alertness, and peace, and it energizes the mind and body, and facilitates balance and self-control. (These secular medical findings are also supported by Scripture [I Samuel 16:15-17,23]).

(b) Dr. David Nobel, another medical doctor and an authority on music, has done extensive research on the value of music rhythms [**score**] corresponding to body rhythms. He writes that, "None of these qualities accrue to the rock sound. Instead, rock contains harmonic dissonance and melodic discord while it accents rhythm with a big beat. In fact, the anapestic beat [two short beats, a long beat, then a pause] used by many rock musicians actually is the exact opposite of our heart and arterial rhythms [thereby causing an immediate loss of body strength]."

[Dr. Diamond confirms Dr. Nobel's findings and adds that the stopped anapestic rhythm "heightens stress and anger, reduces output, increases hyperactivity, and weakens muscle strength." (Admittedly, the technological ability to objectively measure stress and anger is problematical at best, while the measurement of muscle strength is quite precise and meets all the requirements of scientific reliability and statistical significance.)]

(c) The power of music to communicate is demonstrated in an article "Music's Surprising Power to Heal," by David Mazie, in the August 1992 Reader's Digest: "Music reduces staff tension in the operating room," says Dr. Clyde L. Nash, Jr. … "and also helps relax the patient." [He uses classical music such as Vivaldi and Mozart.] Nash is one of many physicians around the country who are finding that music, used with conventional medical therapies, can help the sick in the healing process.

(d) Clinical researchers at the U.C.L.A. School of Nursing in Los Angeles, and at Georgia Baptist Medical Center in Atlanta, found that premature babies gained weight faster and were able to use oxygen more efficiently when they listened to soothing music mixed with voices or womb sounds. At Tallahassee (Fla.) Memorial Regional Medical Center, premature and low-birth-weight infants exposed to an hour and a half of soothing vocal music each day averaged only 11 days in the Newborn Intensive Care Unit, compared with 16 days for a control group. At Baltimore's St. Agnes Hospital, classical music was provided in the critical-care units. "Half an hour of music produced the same effect as ten milligrams of Valium," says Dr. Raymond Bahr, head of the coronary-care unit.

How does music help? Some studies show it can lower blood pressure, basal-metabolism and respiration rates, thus lessening physiological responses to stress. Other studies suggest music may help increase production of endorphins and S-IgA (Salivary immuno-globulin A). S-IgA speeds healing, reduces the danger of infections, and controls the heart rate. Studies indicate both hemispheres of the brain are involved in processing music. Dr. Sacks explains, "The neurological basis of musical responses is robust and may even survive damage to both hemispheres" ("Music's Surprising Power to Heal," 8/92 Reader's Digest).

"In conclusion, we can say that insofar as the physical body is concerned, the notion that music has no effect upon man, or that all music is harmless, is **ABSOLUTELY IN ERROR**" (Tame, p. 141). (Emphasis added.) "No longer [can] modern musicians possibly claim that music is a matter of 'taste,' or that the musician should be allowed to perform anything he chooses ... **Every moment of music to which we subject ourselves may be enhancing or taking away our ... clarity of consciousness, increment by increment** " (Tame, p. 144). In essence, what the medical experts are saying is that today's rock sound (irrespective of the **lyrics** tacked-on to it in order to classify it as either secular or "Christian") fights against the rhythmic nature of man's creation. In the face of such evidence, it is difficult to understand how anyone can maintain that the music itself is neutral.

- In his 1985 book, Set the Trumpet To Thy Mouth, charismatic David Wilkerson (of Cross & the Switchblade fame) said: "One of the reasons God's Spirit was lifted from the Jesus Movement [not that It was ever there] was their refusal to forsake their old music. They gave up pot, heroin, alcohol, promiscuous sex, and they even gave up perverted life-styles. But they refused to give up their beloved rock. ... **Amazing! I say its hold is stronger than drugs, alcohol, or tobacco. It is the biggest mass addiction in the world's history. Rock music, as used and performed in Christian circles, is of the same satanic seed as that which is called punk, heavy metal, and is performed in devilish rock concerts worldwide."**

By attending Christian rock concerts, does not one identify oneself with their false doctrines and become a partaker of their evil deeds? (The Bible clearly teaches a theology of "guilt by association"-see 2 John 10,11.) And since we will all be accountable to the Lord at the Bema Seat for our stewardship with the resources He has entrusted to us while on this earth, how can anyone possibly justify allocating any resources to the support of rock music?

"Christian" rock music offers no hope-since it is Spiritless, it can give none. It does not offer heaven, for the music within itself produces a vacuum-full of sound and fury, but no substance. It provides no foundation to the believer because its birth came from secular rock 'n' roll, which has no basis in God. The approaches of religious rockers all seem to suggest that, "We must become the world to win the world." That method will not work simply because it is outside of God's plan for the proper balancing of biblically-ordained modes of evangelism with biblical principles of separation. If one believes at all in the Bible doctrine of "separation" from the world (Rom. 12:2), is it not logical to include the Christian's music?

Gordon Sears, in his booklet, Is Today's Christian Music "Sacred"?, asks six questions of those who think that CCM is indeed acceptable to God: If the new style and sound of music is of God then: (1) Why is it causing so much confusion and division among Christians?; (2) Why is it not received by all fundamental Bible-believing churches?; (3) **Why is it readily accepted by the non-Christian world?** The ungodly never accepted the old Christian hymns; (4) Why is it that Bible-denying universities and popular secular TV entertainment shows invite well-known Christian artists to give concerts with CCM? This never happened with the great spiritual hymns; (5) Why are there hundreds of churches with godly pastors across America that strictly reject it and forbid it in their services?; and (6) Why does it have such a strong affect upon the physical body?

What kind of music truly honors God? Ernest Pickering lists ten primary guidelines for Christians to follow (The Kind of Music That Honors God, pp. 11-12):

1. Its message is Scriptural (Col 3:16). Good Christian music must present a message that is true to the Word of God and doctrinally sound.
2. It should lead us to think in Biblical patterns and not be suggestive of evil either in message or in musical arrangement (Phil. 4:8). The text and music should not be cheap or tawdry.
3. It should help us to honor God with our bodies (I Cor. 6:19-20). Music which tends to imitate the effects of godless rock upon the human body or which either destroys or impairs one's hearing is not Christian music.
4. It will maintain a balance between "spirit" and "understanding" (I Cor. 14:15). Music that is primarily emotional froth would not fulfill this requirement.
5. It will contain words that are full of beauty, dignity, reverence and simplicity, words that are worthy of the worship of a holy God (Isa. 6:1-6).
6. It will be free of mental association with worldly musical styles and evidence a holy consecrated character (Rom. 12:2; I Jn. 2:15). Music that seeks to "copy" the worldly approach is not honoring to God.
7. It should be expressive of the peace that accompanies the Christian life, not the clamor, confusion, din, and turmoil of the world (Col. 3:15-16). The various forms of rock music do not contribute to peace of heart but partake of the constant jangle of the sinful world. Christ promises peace to His people (Jn. 14:27).
8. It should be characterized by musical preciseness, finesse of poetic technique and should evidence a structure of harmony and order. God is a God of order and not disorder (I Cor. 14:40).
9. It should promote and accompany a life-style of godliness, modesty, and holy quietness, and not modish fashion, suggestive acts, or sexual aggressiveness (1 Pet. 1:16; Tit. 2:11-12).
10. It should not contribute to the temptation of new or weak believers (Rom. 14:13,21; 15:2). Music that reminds newly-saved converts of their old life of sin is to be abhorred and rejected.

The erosion of musical standards among contemporary Christians parallels the erosion of convictions and practices in other areas as well. It denotes a spirit of compromise with the world which must be vigorously opposed by strong Christian leaders. As in all areas of our lives believers should ever follow the admonition of Paul: "Whether therefore ye eat, or drink, or whatsoever ye do, do all to the glory of God" (I Cor. 10:31).

It is our conviction that rock music cannot be used to communicate spiritual truth. (Often the melody in the "Christian" version of rock music is obscured and overpowered by the heavy beat-the accompaniment is so predominant that it completely overpowers any message that might be present.) **How can rock music, with its origins in demonic activities, and with its proven adverse medical and "emotional" effects, apply to the Gospel of the Lord Jesus Christ?**

Convictions must be based on the Word of God and not personal tastes, likes, and dislikes. Since most of religious rock, or so-called contemporary Christian music, has its roots in, and draws its inspiration from, secular rock 'n' roll, the result is worldliness in the music, and even worse, worldliness through music invading the church. Further, it authenticates the rock sound by having professing Christians playing the music. When one applies the standards of Scripture to this form of worldliness (e.g., II Cor. 6:17; I Thes.5:21, 22; Rom. 12:2; I Jn. 2:15,16; Js.4:4; etc.), the wrongness of such music should be obvious to all who truly desire to please their Lord.

# ദൈവത്തിന്റെ അഭിഷിക്തന്മാർ വിമർശനങ്ങൾക്ക് അതീതരോ?

**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകത്തിൽ നിന്ന് എടുത്തതാണ് ഈ ലേഖനം.**

സ്വയ നീതിക്ക് അനുസരിച്ചോ കപട ഭാവത്തിലോ മറ്റുള്ളവരെ വിധിക്കരുത് എന്ന് യേശു തന്റെ ഗിരിപ്രഭാഷണത്തിൽ അനുയായികളെ പ്രബോധിപ്പിച്ചു. ദൈവത്തിന്റെ അഭിഷിക്തന്മാരായ പ്രാസംഗികരുടെയും സുവിശേഷകരുടെയും ഉപദേശങ്ങളെ ചോദ്യം ചെയ്യുമ്പോൾ ക്രിസ്ത്യാനികൾ അപ്രകാരം വിധിക്കുകയാണോ ചെയ്യുന്നത്?. അഭിഷിക്തർ എന്ന് അവകാശപ്പെടുന്ന പല ഉപദേശകന്മാരും അങ്ങനെ പറഞ്ഞേക്കാം. മാത്രമല്ല ഏതൊരു വിമർശനത്തിനും എതിരായി ദൈവത്തിന്റെ അഭിഷിക്തന്മാരെ തൊടരുത് എന്ന് അവരുടെ അനുയായികളും മറുപടി പറയും.

അങ്ങനെയുള്ള പ്രവൃത്തിക്ക് കനത്ത തിരിച്ചടി ഉണ്ടാകുമെന്നുപോലും അവരിൽ ചില ഉപദേഷ്ടാക്കന്മാർ പറയുന്നു. എന്തുകൊണ്ട് എല്ലാവരും സൗഖ്യം പ്രാപിക്കുന്നില്ല എന്ന ടേപ്പു ചെയ്ത തന്റെ സന്ദേശത്തിൽ പ്രധാന വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരിൽ ഒരാളായ കെന്നത്ത് കോപ്ലാന്റ് പറയുന്നതു ശ്രദ്ധിക്കുക. “എന്റെയും കെന്നത്ത് ഹാഗിന്റെയും ശുശ്രൂഷയെ വിധിക്കുന്ന ചിലർ ഇക്കാലത്തുണ്ട്. വിശ്വാസ പ്രസ്ഥാനത്തെ പലരും വിമർശിക്കുകയും ടൂൾസാ കൾട്ട് എന്ന് വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവരിൽ ചിലർ തന്മൂലം ചെറുപ്രായത്തിൽ തന്നെ ശവക്കുഴി കണ്ടു. മാത്രമല്ല അവരിൽ ഒന്നിലധികം പേർക്ക് ക്യാൻസർ ബാധിക്കുകയും ചെയ്തു.”

വിശ്വാസ പ്രസ്ഥാന ഗുരുക്കന്മാരെ കൂടാതെ സ്വേഛാധിപത്യ ഭരണം നിലവിലുള്ള ചെറുതും വലുതുമായ അനേകം സഭാവിഭാഗങ്ങളിലും ഇത്തരം ചിന്താഗതികൾ കാണാവുന്നതാണ്. ഇവയിലെ അനുയായികൾ തങ്ങളുടെ നേതാക്കന്മാരെ പ്രത്യേക കൃപാവരങ്ങൾ ഉള്ളവരായും നിയോഗങ്ങൾ ഉള്ളവരായും അനിയന്ത്രിതമായ അധികാരങ്ങൾ -- ഒരു തരം പൂർണ്ണ സ്വർഗ്ഗീയ അധികാരങ്ങൾ- ഉള്ളവരായും അംഗീകരിക്കുന്നു. ഇവരുടെ പഠിപ്പിക്കലുകളെയോ ആചാരങ്ങളെയോ ചോദ്യം ചെയ്യുന്നത് ദൈവത്തെ ചോദ്യം ചെയ്യുന്നതിനു തുല്യമായാണ് കരുതുന്നതും.

തങ്ങളുടെ കാഴ്ചപ്പാടിന് തിരുവെഴുത്തിന്റെ പിന്തുണ ഉണ്ടെന്ന് ഇത്തരം സ്വേഛാധികാരത്തിന്റെ വക്താക്കൾ സ്വയം സങ്കല്പിക്കുന്നു. സങ്കീർത്തനം 105:15 ആണ് അതിന് ആധാരമായി അവർ ചൂണ്ടികാണിക്കുന്നത് “എന്റെ അഭിഷിക്തന്മാരെ തൊടരുത്. എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത്” എന്നാണ് അവിടെ കാണുന്നത്. സഭാനേതാക്കന്മാരുടെ പഠിപ്പിക്കലിനെയും അനുഷ്ഠാനങ്ങളെയും ചോദ്യം ചെയ്യുന്നതുമായി ഈ വേദ ഭാഗത്തിന് യാതൊരു ബന്ധവും ഇല്ലെന്ന് അടുത്തു പരിശോധിച്ചാൽ മനസ്സിലാകും.

ദൈവത്തിന്റെ അഭിഷിക്തൻ എന്ന് പഴയ നിയമത്തിൽ കാണുന്ന പ്രയോഗം യിസ്രായേലിന്റെ രാജാക്കന്മാരെ ഉദ്ദേശിച്ച് പത്യേകമായും ചില അവസരങ്ങളിൽ ദാവീദിൽ നിന്നുള്ള രാജപരമ്പരയെ ഉദ്ദേശിച്ചും ഉപയോഗിക്കുന്നതാണെന്നും അതിന് ശക്തന്മാരായ പ്രവാചകന്മാരുമായും ഉപദേഷ്ടാക്കന്മാരുമായും യാതൊരു ബന്ധവും ഇല്ല എന്നും ആദ്യമായി നാം അറിഞ്ഞിരിക്കണം. (1 ശമു. 12:3,5, 24:6,10, 26:9,11,16,23, 2 ശമു 1:14, 16:, 19:21, സങ്കീ 20:6, വിലാപങ്ങൾ 4:20) എന്നാൽ സങ്കീർത്തനം 105-ൽ പറഞ്ഞിരിക്കുന്നത് പിതാക്കന്മാരെ പൊതുവായും അബ്രഹാമിനെ വ്യക്തിപരമായും (ഉല്പത്തി 20:7) ഉദ്ദേശിച്ചായതിനാൽ അതിൽ പ്രവാചകന്മാരും പെടും. (വാക്യങ്ങൾ 8-15, ഒത്തുനോക്കുക 1 ദിന.വൃ. 16:15-22) അതുകൊണ്ട് ഈ വേദഭാഗം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ നേതാക്കന്മാരുടെ കാര്യത്തിൽ ഉപയോഗിക്കാമോ എന്ന കാര്യം തർക്ക വിഷയം ആണ്.

ഇന്നത്തെ സഭാ നേതാക്കന്മാരുടെ കാര്യത്തിൽ ഈ വേദഭാഗം ഉപയോഗിക്കാം എന്നു സമ്മതിച്ചാൽത്തന്നെ തൊടരുത് ഒരു ദോഷവും ചെയ്യരുത് എന്നീ വാക്കുകൾ വ്യക്തമാക്കുന്നത് ശാരീരിക ദണ്ഡനം ഏല്പിക്കുന്നതിനെ കുറിച്ചു മാത്രമാണ്. അതുകൊണ്ട് അഭിഷിക്തൻ/അഭിഷിക്ത എന്നു സ്വയം പ്രഖ്യാപിക്കുന്ന ഏതെങ്കിലും വ്യക്തിയുടെ പഠിപ്പിക്കലുകളെ ചോദ്യം ചെയ്യുന്ന കാര്യത്തിൽ സങ്കീർത്തനം 105:15 യാതൊരു വിധത്തിലും പ്രസക്തമല്ല.

മാത്രമല്ല സങ്കീർത്തനം 105:15 ന്റെ വികലമായ ഈ വ്യാഖ്യാനം അംഗീകരിച്ചാൽത്തന്നെ ആരെയാണ് നാം തൊടരുതാത്തത് എന്ന്- അതായത് യഥാർത്ഥ അഭിഷിക്തൻ ആരെന്ന് -നാം എങ്ങനെ അറിയും? അവരും അവരുടെ അനുയായികളും പറയുന്നത് വിശ്വസിച്ചാൽ മതിയോ? അങ്ങനെ എങ്കിൽ സൺ മ്യൂംഗ് മൂൺ, എലിസബത്ത് ക്ലാരെ പ്രൊഫറ്റ് തുടങ്ങി എല്ലാ കൾട്ടു നേതാക്കന്മാരെയും അഭിഷിക്തന്മാർ എന്ന് നാം അംഗീകരിക്കേണ്ടിവരും. അതോ അവർ അത്ഭുതം പ്രവർത്തിച്ചു എന്നു പറയുന്നതു കൊണ്ടോ? എതിർ ക്രിസ്തുവിനും അവന്റെ കള്ള പ്രവാചകന്മാർക്കും ഇതേ സിദ്ധി ഉണ്ടല്ലോ. (വെളി 13:13-15, 2 തെസ്സ 2:9) അല്ല ഇത് ഒന്നു കൊണ്ടുമല്ല ദൈവത്തിന്റെ പ്രതിനിധികൾ അറിയപ്പെടുന്നത്. അവരുടെ സ്വഭാവത്തിന്റെയും വിശ്വാസ സംഹിതയുടെയും വിശുദ്ധിയിലൂടെ ആണ്. (1 തീത്തോസ് 1:7-9, 2: 7,8, 2 കൊരി 4:2 ഒ. നോ 1 തീമോ 6:3,4) ദൈവത്തിന്റെ പ്രതിനിധി എന്ന് അവകാശപ്പെടുന്ന ഒരു വ്യക്തിക്ക് സ്വഭാവത്തിലും തത്വസംഹിതയിലും വേദപുസ്തക മാനദണ്ഡം അനുസരിച്ചുള്ള പരീക്ഷയിൽ വിജയിക്കുവാൻ കഴിയുന്നില്ലെങ്കിൽ അങ്ങനെയുള്ള വ്യക്തിയുടെ അവകാശവാദം അംഗീകരിക്കുവാൻ നമുക്ക് യാതൊരു അടിസ്ഥാനവും ഇല്ല. അങ്ങനെയുള്ള വ്യക്തിയെ ചോദ്യം ചെയ്താൽ നാം ദൈവത്തെ നിരസി ക്കുകയാണ് എന്നു ഭയപ്പെടുവാൻ യാതൊരു കാരണവും ഇല്ല.

അന്തിമമായി പറഞ്ഞാൽ ഏതെങ്കിലും ഒരു പ്രത്യേക ക്രിസ്ത്യാനിയെ അഭിഷിക്തൻ എന്നു പറയുകയാണെങ്കിൽ ഓരോ ക്രിസ്ത്യാനിയും അഭിഷിക്തൻ ആണെന്നു സമ്മതിക്കേണ്ടിവരും. കാരണം അഭിഷിക്തൻ എന്ന പദം ഈ അർത്ഥത്തിൽ ആണ് (ക്രിസ്തുവിനെ ഒഴിച്ച്) പുതിയ നിയമത്തിൽ ഉപയോഗി ച്ചിരിക്കുന്നത്. 1 യോഹന്നാൻ 2:20ൽ “നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു” എന്നു പറഞ്ഞിരിക്കുന്നത് എല്ലാ വിശ്വാസികളെയും ഉദ്ദേശിച്ചാണ്. അതുകൊണ്ട് ഒരു വിശ്വാസിക്കും മറ്റു വിശ്വാസികളാൽ തൊട്ടുകൂടാൻ കഴിയാത്ത അഭിഷിക്തനാണ് താനെന്ന് അവകാശപ്പെടുവാൻ സാദ്ധ്യമല്ല. ഇക്കാര്യം പരിഗണിക്കുമ്പോൾ പ്രചോദിതമായതോ, ചലനാത്മകമായതോ ആയ പ്രസംഗത്തെയോ പഠിപ്പിക്കലിനെയോ ഉദ്ദേശിച്ചല്ല മറിച്ച് യഥാർത്ഥ ഉപദേഷ്ടാക്കന്മാരെയും കള്ള ഉപദേഷ്ടാക്കന്മാരെയും വിവേചിച്ചറിയുന്നതിന് വിശ്വാസികൾക്കുള്ള കഴിവിനെയും ഉത്തരവാദിത്വത്തെയും ഉദ്ദേശിച്ചാണ് അപ്പൊസ്തലനായ യോഹന്നാൻ ഈ പദപ്രയോഗം നടത്തിയത് എന്ന വസ്തുത പ്രാധാന്യം അർഹിക്കുന്നു. ( വാക്യം 18-24)

ഒരു വ്യക്തിയുടെ - പ്രത്യേകിച്ച് സ്വാധീനമുള്ള നേതാക്കന്മാരുടെ - ഉപദേശമോ അനുഷ്ഠാനമോ വേദപുസ്തക അടിസ്ഥാനത്തിൽ ഉള്ള വിലയിരുത്തലിന് അതീതമല്ല. വേദപുസ്തകം അനുസരിച്ച് അധികാരവും ഉത്തരവാദിത്വവും (കണക്കു ബോധിപ്പിക്കേണ്ട ചുമതല) കൈയ്യോടു കൈ ചേർന്നു പോകുന്നു. (ഉദാ ലൂക്കോ 12.48) ഒരുവന്റെ അധികാരം എത്ര അധികം ആയിരിക്കുന്നുവോ ഉത്തരവാദിത്വവും അത്ര വലുതായിരിക്കും.

ക്രിസ്തീയ സമൂഹത്തിലെ ഉപദേഷ്ടക്കന്മാരും ഒരൊറ്റ വിശ്വാസിയെപ്പോലും വഴിതെറ്റിക്കാതിരിക്കുവാൻ അതീവ ശ്രദ്ധാലുക്കൾ ആയിരിക്കണം. കാരണം അവരുടെ വിളിയോടൊപ്പം കർശനമായ വിധിയും അവരെ കാത്തിരിക്കുന്നു. (യാക്കോ 3:1) അതുകൊണ്ട് തങ്ങളുടെ തെറ്റുകളുടെ - തെറ്റായ സിദ്ധാന്തങ്ങളെയോ പ്രസംഗങ്ങളെയോ തിരുത്തുവാൻ ആത്മാർത്ഥതയുള്ള ഏതെങ്കിലും വിശ്വാസികൾ ശ്രമിച്ചാൽ അവരോട് നന്ദിയുള്ളവർ ആയിരിക്കണം. വിമർശനം അടിസ്ഥാന രഹിതമോ വേദപുസ്തക വിരുദ്ധമോ ആയിരുന്നാൽ തിരുവചനം പറയുന്ന രീതിയിൽ സൗമ്യതയോടെ മാത്രമെ എതിർപ്പിന് എതിരെ പ്രതികരിക്കാവൂ. ( 2 തീമോ 2:25)

എന്നാൽ ഈ വിഷയത്തിന് മറ്റൊരു വശംകൂടി ഉണ്ട്. മത്സരത്തിനും അനാവശ്യ ഭിന്നതക്കും വിമർശനം കാരണമായി ത്തീർന്നേക്കാം. ദൈവം തങ്ങൾക്കു നൽകിയിരിക്കുന്ന നേതാക്കന്മാരെ ക്രിസ്ത്യാനികൾ ബഹുമാനിക്കണം. (എബ്രാ. 13:17) ആത്മീക വളർച്ചയിലും സിദ്ധാന്ത പരമായ ജ്ഞാന സമ്പാദനത്തിലും സഭയെ സഹായിക്കേണ്ടത് അവരുടെ ചുമതലയാണ്. അതേ സമയം തന്നെ ദുരുപദേഷ്ടക്കന്മാർ ക്രിസ്തീയ സമൂഹത്തിൽ നിന്ന് എഴുന്നേല്ക്കുമെന്ന കാര്യം വിശ്വാസികൾ എപ്പോഴും ഓർത്തിരിക്കണം. ബെരോവയിലെ ക്രിസ്ത്യാനികളെപ്പോലെ എല്ലാ കാര്യങ്ങളും തിരുവചന വെളിച്ചത്തിൽ പരിശോധിക്കേണ്ടതിന്റെ പ്രാധാന്യം ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. (അപ്ര 17:11)

പ്രസംഗത്തിനും ഉപദേശത്തിനും പ്രചോദനത്തിനും മാത്രമല്ല തെറ്റു തിരുത്തുന്നതിനും പ്രബോധിപ്പിക്കുന്നതിനും ബൈബിൾ പ്രയോജനപ്പെടുന്നു. (2 തിമൊ 4:2) ദൈവത്തിന്റെ പൂർണ്ണഹിതം പ്രഖ്യാപിക്കുന്നതിനും ദുരുപദേശങ്ങൾക്ക് എതിരെയും അതിന് ഉത്തരവാദികൾ ആയവർക്ക് എതിരെയും മുന്നറിയിപ്പ് കൊടുക്കുന്നതിനും ഉള്ള ഉത്തരവാദിത്വം ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. (അപ്ര 20:26-28, യെഹ 33:7-9, 34:1-10)

ദുരുപദേശങ്ങൾക്ക് എതിരെ ജാഗരൂകർ ആയിരിക്കുവാൻ തിരുവെഴുത്തുകളിലൂടെ ആവർത്തിച്ചു നൽകപ്പെട്ടിരിക്കുന്ന മുന്നറിയിപ്പുകൾ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. (ഉദാ റോ 16: 17,18, 1 തിമോ 1:3, 4, 4:16, 2 തിമൊ 1: 13,14, തീത്തോസ് 1:9, 2:1) മാത്രമല്ല അവയെ നമ്മുടെ ക്രിസ്തീയ സഹോദരങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും വേണം. (1 തിമൊ 4:6) തിരുവെഴുത്തുകളുടെ പിൻ ബലം ഇത്രത്തോളം ഉള്ള നിലയ്ക്ക് അങ്ങനെയൊരു പ്രവൃത്തി വേദപുസ്തക വിരുദ്ധം എന്നു പറയുവാൻ സാദ്ധ്യമല്ല.





**ഹാങ്ക് ഹാനെഗ്രാഫ് എഴുതിയ ക്രിസ്ത്യാനിറ്റി ഇൻ ക്രൈസിസ് എന്ന പുസ്തകം ഇപ്പോൾ മലയാളത്തിൽ ലഭിക്കുന്നു.**

**പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക.**

വിലാസം:

K.P.Varghese,
Bethel, Njalbhagam, Kaviyoor P.O.
Thiruvalla, Pattabamthitta - 689582
**Ph: 0469-2618764, Mob: 9446505463**

| RNI No. 68089 / 97 | THE DEFENDER | REGISTERED |
|---|---|---|
| 2007 January 16 | | KL/ALY/0031/2006-08 |

# വെളിപ്പാടോ വെളിച്ചപ്പാടോ?

വെളിപ്പാടും ദർശനവും മറ്റും നിന്നുപോയി എന്നു വിശ്വസിക്കുന്നവരുണ്ട്. പക്ഷേ ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന എല്ലാ ആത്മീയ അനുഭവങ്ങളും ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഉണ്ട് എന്ന് ഡിഫെൻഡർ അംഗീകരിക്കുന്നു. പക്ഷേ വെളിപ്പാടെന്നോ ദർശനമെന്നോ ഒക്കെ പേരു പറയുന്നതെല്ലാം ദൈവീകമായി അംഗീകരിക്കാൻ ആവില്ല.

ഇക്കാലത്ത് സുവിശേഷമല്ല പ്രസംഗിക്കേണ്ടതെന്നും നീന്തിയിട്ടല്ലാതെ കടക്കാൻ പറ്റാത്ത ആത്മീയ അനുഭവത്തേക്കുറിച്ചാണ് പറയേണ്ടതെന്നും ദൈവം ടി.ജെ.ശാമുവലിനോട് പറഞ്ഞത്രേ. ഇത് ദൈവീക അരുളപ്പാടാണോ? എങ്ങനെ തിരിച്ചറിയും? ഉത്തരം വ്യക്തം: ദൈവവചനത്തിനു വിരുദ്ധമായ ദർശനങ്ങളും വെളിപ്പാടുകളും ദൈവീകമല്ല. അവ മാനുഷികമോ സാത്താന്യമോ ആണ്.

വിശുദ്ധൻമാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന് വിരുദ്ധമാണ് ടി.ജെ ശാമുവലിന് ലഭിച്ചിരിക്കുന്ന വെളിപ്പാട്. ലോകമെമ്പാടും പോയി സുവിശേഷം അറിയിക്കാനാണ് കർത്താവായ യേശുക്രിസ്തു കല്പിച്ചത്. ആദ്യകാല ക്രിസ്ത്യാനികൾ ചെയ്തതും അതുതന്നെ. നീന്തിയിട്ടല്ലാതെ കടക്കാനാവാത്ത ആത്മീയ അനുഭവം എന്നത് പുതിയനിയമത്തിൽ ഒരിക്കലും ഒരു പ്രസംഗവിഷയം ആയിട്ടേയില്ല. സഭ എല്ലാക്കാലത്തും ക്രൂശിക്കപ്പെട്ട യേശുവിനെയാണ് പ്രസംഗിച്ചിരുന്നത്.

യേശുവിൽ നിന്നും നീന്തലിലേക്ക് ജനശ്രദ്ധ തിരിക്കുവാൻ ശ്രമിക്കുന്ന ആത്മാവ് വചനവിരുദ്ധമായ പ്രവർത്തനത്തിനാണ് ടി.ജെ.ശാമുവലിനെ പ്രേരിപ്പിക്കുന്നത്. രക്ഷിക്കപ്പെടാത്തവരോട് നീന്തൽക്കാര്യം പറഞ്ഞിട്ട് ഫലമില്ല. രക്ഷിക്കപ്പെടുക എന്നതാണ് പ്രധാന സംഗതി. രക്ഷ എന്ന വിഷയം അവഗണിച്ചിട്ട് നീന്തലിന് പോയാൽ നിത്യ നരകത്തിലാകും എത്തുക.

നീന്തലെന്ന പേരിൽ ടി.ജെ.ശാമുവൽ അവതരിപ്പിക്കുന്നത് വചനവിരുദ്ധമായ അനുഭവമാണെന്നതും ശ്രദ്ധേയമാണ്. തിരുവചനത്തിൽ കേട്ടുകേഴ്വിപോലും ഇല്ലാത്ത ഉന്തിവീഴ്ത്താണ് ടി.ജെ.യുടെ നീന്തൽ. നീന്തൽ മാഹാത്മ്യം പ്രസംഗിച്ച് ജനത്തെ ബ്രെയിൻ വാഷ് ചെയ്തശേഷം ഉന്തിവീഴ്ത്തുന്നു. വിവരദോഷികളായ ഭൂരിപക്ഷം വീഴുന്നു. വിവരമുള്ള ന്യൂനപക്ഷം വീഴുന്നില്ല. ഇതാണ് ടി.ജെയുടെ മീറ്റിംഗുകളിൽ നടക്കുന്നത്.

സഭയുടെ നേതാക്കൻമാരെ ജനം ദൈവത്തേപ്പോലെ കാണുന്നു എന്ന് സാത്താനറിയാം. നേതാക്കൻമാരെ സ്വാധീനിക്കാൻ സാത്താന് കഴിഞ്ഞാൽ ആയിരക്കണക്കിന് ദൈവമക്കളെ നാശത്തിലേക്ക് നയിക്കാൻ സാത്താന് സാധിക്കും. ടി.ജെ.ശാമുവലിന് സാത്താൻ വ്യാജദർശനം നൽകിയത് ഈ ഉദ്ദേശ്യത്തോടെയാണ്.

പെന്തക്കോസ്ത് നേതാക്കൻമാർ എന്തു തെറ്റ് ചെയ്താലും എതിർക്കാൻ ആളുണ്ടാകില്ല. ഡിഫെൻഡർ ഒഴികെ ഒരു പെന്തക്കോസ്ത് പത്രവും പ്രതികരിക്കയില്ല. ഇതൊക്കെ സാത്താന് നന്നായറിയാം. ആത്മീയ ഉണർവ്വെന്ന് പേരിട്ടാൽ എന്തു തോന്യാസവും പെന്തക്കോസ്തിൽ നടത്താം. ദൈവജനത്തെ വഴിതെറ്റിക്കാനുള്ള ഉപദേശവും അതിന് സഹായകമാകുന്ന വ്യാജ ദർശനവും നൽകി സാത്താൻ ടി.ജെ. ശാമുവലിനേയും കെ.സി.ജോണിനേയും മറ്റും നിയോഗിക്കുന്നത് എന്തിനെന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

# പിച്ചും പേയും നഹി നഹി

ഏറെ കൊട്ടിഘോഷിച്ച പിച്ചും പേയും പരിപാടി അവസാന നിമിഷം വേണ്ടെന്നുവെച്ചു. ചില സാങ്കേതിക കാരണങ്ങളാൽ പരിപാടി ഉപേക്ഷിക്കുന്നു എന്നാണ് സംഘാടകർ പ്രഖ്യാപിച്ചത്. എന്താണ് സാങ്കേതിക പ്രശ്നം എന്ന് വിശദീകരിച്ചിട്ടില്ല. ഇത്തരം പ്രശ്നങ്ങൾ എന്തുകൊണ്ട് മുൻകൂട്ടി കാണാനും പരിഹാരം വരുത്താനും ശ്രദ്ധിച്ചില്ല എന്ന ചോദ്യത്തിന് മറുപടിയുമില്ല.

ആത്മീയതയുടെ മറവിൽ സാത്താന്യ സംഗീതം പ്രചരിപ്പിക്കുന്ന ഗായകസംഘമാണ് ഡിലിറിയസ്. ഇതേപണി കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന ചിലരാണ് ഈ ഗായകസംഘത്തെ കേരളത്തിൽ കൊണ്ടുവരാൻ പരിപാടിയിട്ടത്. ചുക്കും ചുണ്ണാമ്പും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാത്ത പെന്തക്കോസ്ത് പത്രങ്ങൾ ഇതിന് വ്യാപകമായ പ്രചരണവും നൽകി. പരസ്യത്തിലൂടെയും മറ്റും ലഭിക്കുന്ന വരുമാനമായിരുന്നു ഇവരുടെ ലക്ഷ്യം. പ്രതീക്ഷിച്ചിരുന്നതുപോലെ എല്ലാ പെന്തക്കോസ്ത് പത്രങ്ങൾക്കും പരസ്യങ്ങൾ ലഭിച്ചു. അങ്ങനെ എല്ലാം പ്രതീക്ഷപോലെ നടന്നു വരുമ്പോഴാണ് സാങ്കേതിക പ്രശ്നം ഉണ്ടായത്.

ഇത് ടിക്കറ്റ് വെച്ച് നടത്തുന്ന ഗാനമേളയാണെന്ന വസ്തുത മിക്കവർക്കും അറിഞ്ഞുകൂടാ. സാധാരണ കൺവെൻഷനുകൾക്ക് പോകുന്നതുപോലെ പോയി പാട്ട് കേട്ട് വരാമെന്ന പ്രതീക്ഷയിലായിരുന്നു മിക്കവരും. എങ്കിലും കാര്യവിവരമുള്ള കുറെ ആളുകൾ ടിക്കറ്റ് വാങ്ങിയിരുന്നു. അവരോട് ടിക്കറ്റ് മടക്കി നൽകി പണം കൈപ്പറ്റാൻ സംഘാടകർ പറഞ്ഞിട്ടുണ്ട്.

ആത്മീയതയുടെ മറവിൽ ചിലർ കാട്ടിക്കൂട്ടുന്ന കോക്കാംപീച്ചികൾ സകല അതിരും ഭേദിച്ചിരിക്കയാണ്. ഇതിന് ഒരു നിയന്ത്രണം ഉണ്ടായില്ലെങ്കിൽ സാധുക്കളായ ദൈവമക്കൾ സാത്താന്റെ പിടിയിൽ അകപ്പെടും.


## നിങ്ങളുടെ വീട്ടിലും വേണ്ടേ ഒരു ബൈബിൾ സ്ക്കൂൾ?

എല്ലാ വീട്ടിലും ബൈബിൾ വേണം. പൊരുൾ തിരിച്ചു തരാൻ അദ്ധാപകനും വേണം. എന്നാൽ ബൈബിളും അദ്ധ്യാപകനും മാത്രമല്ല ഒരു ബൈബിൾ സ്ക്കൂൾ തന്നെ നിങ്ങളുടെ വീട്ടിലെത്തും. ദൈവവചനത്തിലെ പ്രധാന വിഷയങ്ങളെല്ലാം വീട്ടിലിരുന്നുതന്നെ പഠിക്കാം.

### വിഷയവിവരം:

| C.D. 1 - അടിസ്ഥാന വേദോപദേശങ്ങൾ | C.D. 2 - കൾട്ടുകൾ | C.D. 3 - ആത്മലോകം | C.D. 4 - ദുരുപദേശങ്ങൾ | C.D. 5 - ലോക മതങ്ങൾ |
|---|---|---|---|---|
| 1. രക്ഷ | 1. കൾട്ടിന്റെ ലക്ഷണങ്ങൾ | 1. അദൃശ്യലോകം | 1. ഉപദേശവും ദുരുപദേശവും | 1. മതങ്ങളുടെ ഉത്ഭവം |
| 2. വിശ്വാസസ്നാനം | 2. യഹോവാസാക്ഷികൾ | 2. കൃപാവരങ്ങൾ 1 | 2. വിശ്വാസത്തിന്റെ ആധാരം | 2. ഹിന്ദുമതം 1 |
| 3. പരിശുദ്ധാത്മസ്നാനം | 3. ശാബതുകാർ | 3. കൃപാവരങ്ങൾ 2 | 3. സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും | 3. ഹിന്ദുമതം 2 |
| 4. ആത്മീയ കൂട്ടായ്മ | 4. പത്തു കല്പനകൾ | 4. ആത്മവിവശത | 4. പൗരോഹിത്യം | 4. പ്രജാപതിപ്രശ്നം |
| 5. തിരുവത്താഴം | 5. ബ്രൻഹാമിസം | 5. ദൈവദൂതൻമാർ | 5. കൂദാശകൾ | 5. ഇസ്ലാംമതം |
| 6. ദൈവവചനം | 6. റ്റി.പി.എം. | 6. സാത്താന്യ തന്ത്രങ്ങൾ | 6. കന്യാമറിയം | 6. ബുദ്ധമതം |
| 7. പ്രാർത്ഥന | 7. ക്രിസ്റ്റാഡെൽഫിയൻസ്, ക്രിസ്ത്യൻ സയൻസ് | 7. ഭൂതബാധ 1 | 7. വിശുദ്ധൻമാർ | 7. ജൈനമതം |
| 8. വേർപാട് | 8. മൊർമോൺ, ഫാമിലി, യൂണിഫിക്കേഷൻ ചർച്ച് | 8. ഭൂതബാധ 2 | 8. സെന്റ് തോമസ് | 8. സിക്ക് മതം |
| 9. അനുഭവസാക്ഷ്യം | 9. ആത്മാവ്, നരകം | 9. ഒക്കൾട്ട് | 9. പെരുന്നാളുകൾ | 9. സൊറവാസ്ട്രിയൻ മതം |
| 10. വിശ്വാസജീവിതം | 10. ത്രിത്വം | 10. വഞ്ചിക്കുന്ന പിശാച് | 10. വേർപെട്ട സഭകൾ | 10. സുവിശേഷീകരണം |

| C.D. 6 - വ്യാഖ്യാനശാസ്ത്രം | C.D. 7 - ഭാവികാലശാസ്ത്രം | C.D. 8 - ബൈബിളിൽ തെറ്റുണ്ടോ? | C.D. 9 - ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ | C.D. 10 - ധാർമ്മിക പ്രശ്നങ്ങൾ |
|---|---|---|---|---|
| 1. പഴയനിയമം 1 | 1. ഭാവികാലവും ബൈബിളും | 1. ഉല്പത്തി | 1. വെളിപ്പാടും അന്യമതങ്ങളും | 1. ആത്മാവിന്റെ പ്രമാണം |
| 2. പഴയനിയമം 2 | 2. മരണാനന്തര ജീവിതം | 2. കയീൻ മുതൽ ബാബേൽ വരെ | 2. മുൻനിർണ്ണയം | 2. വൈവാഹിക പ്രശ്നങ്ങൾ 1 |
| 3. പഴയനിയമം 3 | 3. യേശുവിന്റെ മടങ്ങിവരവ് | 3. അബ്രഹാമിന്റെ കാലം | 3. യേശുവും രക്ഷയും | 3. വൈവാഹിക പ്രശ്നങ്ങൾ 2 |
| 4. പഴയനിയമം 4 | 4. 70 ആഴ്ചവട്ടം | 4. രാജാക്കൻമാർ | 4. പ്രാർത്ഥനയും ആരാധനയും | 4. വൈവാഹിക പ്രശ്നങ്ങൾ 3 |
| 5. പുതിയനിയമം 1 | 5. ഏഴു സഭകൾ | 5. കാവ്യപുസ്തകങ്ങൾ | 5. സഭയിലെ ശുശ്രൂഷകർ | 5. കുടുംബജീവിതം |
| 6. പുതിയനിയമം 2 | 6. ഏഴു മുദ്രകൾ | 6. സുവിശേഷങ്ങൾ | 6. യഥാർത്ഥ ഉണർവ്വ് | 6. ട്രസ്റ്റുകളും സൊസൈറ്റികളും |
| 7. പുതിയനിയമം 3 | 7. മഹാപീഡനകാലം | 7. ശാസ്ത്രവും വെളിപ്പാടും | 7. പ്രായോഗിക പ്രശ്നങ്ങൾ | 7. മദ്യവും മയക്കുമരുന്നും |
| 8. പുതിയനിയമം 4 | 8. വെളിപ്പാട് 12, 13 | 8. പുതിയനിയമകാലം | 8. സുവിശേഷഘോഷണം | 8. രാഷ്ട്രീയവും മാദ്ധ്യമങ്ങളും |
| 9. പുതിയനിയമം 5 | 9. ബാബിലോൺ | 9. ബൈബിൾ അപൂർണ്ണമോ? | 9. വിവിധതരം ദൈവശാസ്ത്രങ്ങൾ | 9. ആദരണപ്രശ്നം |
| 10. പുതിയനിയമം 6 | 10. ന്യായവിധികൾ | 10. ബൈബിളും ശാസ്ത്രവും | 10. സഭയും പ്രശ്നങ്ങളും | 10. സഭയും പീഡയും |

MP3 ഫോർമാറ്റിലുള്ള ഓഡിയോ സി.ഡികൾ. ആകെ 10 സി.ഡികൾ. ഓരോ സി.ഡിയിലും 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. മൊത്തം ദൈർഘ്യം: 100 മണിക്കൂർ. വില: (ഇന്ത്യയിൽ) ഒരു സി.ഡി. - 100 രൂപ. 10 സി.ഡികൾ: 900 രൂപ. പോസ്റ്റേജ് സൗജന്യം.

വിദേശത്ത്: 10 സി.ഡികൾ - US$ 50 or Rs. 2000/- പോസ്റ്റേജ് സൗജന്യം. (ഗൾഫിലേക്ക് സി.ഡി അയയ്ക്കുന്നത് സുരക്ഷിതമല്ല. അതുകൊണ്ട് ഗൾഫിലുള്ളവർ 900 രൂപയും ഇന്ത്യയിലെ അഡ്രസ്സും അയക്കുക).

വില T.S.Balan എന്ന പേരിൽ ഡി.ഡി./ചെക്ക്/മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam. Pin. 683542**
**Ph: 0484-3232356, 9447414608**


Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan